ഇപ്പോൾ നേരിട്ടിട്ടുള്ള സാമ്പത്തികവിഷമം പരിഹരിക്കുന്നതിനു പുറത്തു കൊടുത്തിട്ടുള്ള പണം തിരിയെ കിട്ടാത്തപക്ഷം അതു സെക്യൂരിട്ടിവച്ചു് പണം കടം വാങ്ങുകയോ ഡിബെഞ്ചർലോൺ ഏർപ്പെടുത്തുകയോ വേണം. ഇങ്ങനെ ഒരു വലിയ സംഖ്യ രാജ്യത്തുവന്നാൽ അതുപലതരത്തിൽ ജനങ്ങളുടെ ഇടയിൽ വ്യാപിച്ചു വിഷമങ്ങൾക്കു കുറവ്വരുത്തും. അല്ലാതെ മുന്നു കുറച്ചതുകൊണ്ടോ പൊതുമരാമത്തുവേലകൾ കുറച്ചതുകൊണ്ടോ ദോഷമല്ലാതെ ഗുണമില്ല.

MR. R. NILAKANTA PILLAI (*Financial Secretary to Government*): ഡിബഞ്ചർലോൺ റെയിസ് ചെയ്യാൻ ഈ നാട്ടിൽ പണമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

MR. TARIATU KUNJITOMMAN (*Commerce and Industry, North*) : ഈ നാട്ടിലില്ലെങ്കിൽ പുറത്തുനിന്നും വാങ്ങിക്കണം. അവിടത്തെ കുബേരന്മാരായ ആളുകൾ ഗവണ്മെൻറിനെ വിശ്വസിച്ചു പണം തരും എന്നു ഞാൻ വിചാരിക്കുന്നു.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*) : ഗവണ്മെൻറുദ്യോഗസ്ഥന്മാരുടെകയ്യിൽ ശമ്പളംവാങ്ങിയതിൽ ചിലവുകഴിഞ്ഞു ബാക്കി കാണുമല്ലോ, അവരുടെ അടുക്കൽനിന്നും വാങ്ങിക്കരുതോ?

MR. TARIATU KUNJITOMMAN (*Commerce and Industry, North*) : അവരുടെകയ്യിൽ നിന്നും വാങ്ങിക്കാം. ശമ്പളം ശാശ്വതമാണെന്നുള്ള വിചാരത്തോടുകൂടി ആഡംബരങ്ങൾക്കും കൂടുതൽ സുഖ സൌകര്യാദികൾക്കുമായി അധികം ചിലവുചെയ്തിരിക്കും. എന്നാൽ ഭാവി വളരെ ആപൽകരമാണെന്നു അവർ ധരിക്കേണ്ടതാണ്. നികുതി എത്ര കുറഞ്ഞാലും, മുതലെടുപ്പു എത്ര തുച്ഛമായാലും അവരുടെ ശമ്പളത്തിനും സുഖസൌകര്യങ്ങൾക്കും യാതൊരു കുറവും വരികയില്ലെന്നാണ് അവർ വിചാരിക്കുന്നതു്. മനുഷ്യശരീരത്തിൽ ഒരു ആനയുടെ ശിരസ്സെടുത്തു വച്ചാൽ അതു് എത്ര ഭാരമായിരിക്കും. അതുപോലെ ഇവിടത്തെ ശമ്പളത്തിന്റെ സ്ഥിതി രാജ്യത്തിനു വഹിക്കാൻപാടില്ലാതെ തീർന്നിരിക്കുന്നു. പൊതുജനങ്ങളുടെ സുഖസൌകര്യാദികളെ വേണ്ടുംവണ്ണം നോക്കുന്നതിനോ അവരോടു ഇടപെടുന്നതിനോ നിവർത്തിച്ചില്ലാത്തവണ്ണം ഉദ്യോഗസ്ഥന്മാർക്കും വലിയ ഒരു സ്ഥിതിവ്യത്യാസം സാമ്പത്തികവിഷമം കൊണ്ടുവന്നിരിക്കുന്നു. ശമ്പളം ഉടനെ കുറയ്ക്കണം. നിവർത്തിയുള്ളടത്തോളം പുറത്തുനിന്നും ആളുകളെ ഇവിടത്തെ ഉദ്യോഗത്തിൽ നിയമിയ്ക്കാതെ കഴിയ്ക്കയുംവേണം. പുറത്തുനിന്നുംവരുന്ന ആളുകൾക്ക് ഇവിടെയുള്ള ജനങ്ങളുടെ ആവശ്യങ്ങൾ മനസ്സിലാക്കി അവരോടു സഹകരിച്ചു പ്രവർത്തിക്കുവാനുള്ള പ്രാപ്തി വളരെ കുറവാണ്. ഒന്നാമതു ഇവിടത്തെ ഭാഷതന്നെ അവർക്കറിഞ്ഞുകൂടാ. ഇവിടത്തെ ജനങ്ങളുടെ സാഹചര്യങ്ങളാകട്ടെ ജീവിതരീതികളാകട്ടെ വിദേശികളായ ഉദ്യോഗസ്ഥന്മാർക്കു അറിയാൻ നിവർത്തിയില്ലാത്തതിനാൽ അവർ കീഴുദ്യോഗസ്ഥന്മാരുടെ വലയിൽ മിക്കവാറും പെട്ടുപോകുന്നു. വിദ്യാഭ്യാസഡയറക്ടർ സ്വദേശിയായിരിയ്ക്കണമെന്നു ഈ കൌൺസിലിൽനിന്നതന്നെ പാസാക്കിയ ഉപക്ഷേപത്തെ ഗവണ്മെൻറു അവഗണിച്ചു് വെളിയിൽ നിന്നും നാട്ടുഭാഷ അറിഞ്ഞുകൂടാത്ത ഒരാളെ ഡയറക്ടറായി വരുത്തിയിരിക്കുന്നു. നാട്ടുഭാഷാപള്ളിക്കൂടങ്ങളാണു ഇവിടെ അധികമുള്ളതു്. നാട്ടുഭാഷാപരിജ്ഞാനം ഇല്ലാത്ത ഒരു ഡയറക്ടർ നാട്ടുഭാഷാ പള്ളിക്കൂടങ്ങളുടെ മേലന്വേഷണം നടത്തുന്നതു എത്ര ശരിയാകും.

LIBRARY ARCHIVES Kerala Legislative Assembly

MR. K. P. KOCHUKORA TARAKAN (*Kunnalnad*) : മലയാളം അറിയാവുന്ന ഒരു പേഴ്സനൽ അസിസ്റ്റന്റു ഡയറക്ടക്കുള്ളതറിയാമോ?

MR. TARIATU KUNJITOMMAN (*Commerce and Industry, North*): പേഴ്സനൽ അസിസ്റ്റന്റുതന്നെ ആവശ്യമില്ല. ഇവിടെ വളരെനാളായി കാളേജ് നടത്തിക്കൊണ്ടുപോകുന്നുണ്ട്. അതിൽനിന്നും വിദ്യാസമ്പന്നരായ അനവധി യുവാക്കൾ ബിരുദധാരികളായി വെളിയിൽവന്ന് ഉദ്യോഗം ഇല്ലാതെ അലഞ്ഞു നടക്കുന്നു. അവരിൽനിന്നും യോഗ്യരെ നമ്മുടെ ആവശ്യത്തിനു കിട്ടുവാൻ ഒരു പ്രയാസവുമില്ല. ഇതുപോലെതന്നെ വമ്പിച്ച ഒരു തുക ശമ്പളം കൊടുത്ത് ഒരു ചീഫ് എൻജിനിയരെ നിയമിച്ചിരിക്കുന്നു. ഞാൻ ആരെയും കുറ്റം പറയുന്നില്ല. എന്നാൽ ഈ ശമ്പളച്ചിലവുകൾ ഇവിടെ ആവശ്യത്തിലധികമാണ്. ഈ വമ്പിച്ച ശമ്പളം വാങ്ങുന്ന ഉദ്യോഗസ്ഥന്മാക്ക് എവിടെയെങ്കിലും ജോലികിട്ടും. ഇവിടെ എഴുന്നൂറുരൂപയിൽ കൂടുതൽ പ്രതിമാസം ശമ്പളമുള്ള ഉദ്യോഗസ്ഥന്മാരെ വേണ്ട.

ഉദ്യോഗസ്ഥന്മാരുടെ ശമ്പളം ഇപ്പോഴത്തെ സ്ഥിതിക്ക് മറെറാരുതരത്തിലും കുറയ്ക്കേണ്ടതായിട്ടുണ്ട്. മുപ്പതുരൂപയ്ക്കുമേൽ ഉള്ള എല്ലാ ശമ്പളത്തുകകളുടേയും മുപ്പതുശതമാനംവീതം കുറയ്ക്കണം. ഇപ്പോഴത്തെ ഈ സാമ്പത്തികാധഃപതനംനിമിത്തം ജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൊണ്ട് അവരുടെ സുഖദുഃഖങ്ങളിൽ പങ്കുകൊള്ളുന്നതിനു നന്മനസ്സുള്ള ഏതാനും ചില ഉദ്യോഗസ്ഥന്മാർ അവരുടെ ശമ്പളത്തിൽ ഈ കുറവുചെയ്യുന്നതിനു സമ്മതിയ്ക്കാതിരിക്കയില്ല. എന്നാൽ അതിനു സമ്മതിയ്ക്കാത്തവരും കണ്ടേയ്ക്കാം. അവർ ഒരുപക്ഷേ പണിമുടക്കു വരുത്തിയാൽത്തന്നെയും ആ സ്ഥാനങ്ങളിലേക്ക് യോഗ്യരെതെരാൻ ജനപ്രതിനിധികളായ ഞങ്ങൾ തയ്യാറുണ്ട്. പഴയടിഷിച്ച വിദ്യാപ്രാപ്തിയോ മറെറാ ദോഷങ്ങളോ ഇല്ലാത്തവരെത്തന്നെ കിട്ടുകയുംചെയ്യും കയറുമതിത്തീരുവ തീരെ നിറുത്തേണ്ടതാണ്.

MR. R. S. SUBRAHMANYA PILLAI (*Kalkulam cum Vilavankod*): ഉദ്യോഗസ്ഥന്മാരുടെ ശമ്പളം കുറയ്ക്കണം എന്നു പറഞ്ഞകൂട്ടത്തിൽ കൗൺസിൽ മെമ്പറന്മാരുടെ പടിയും കുറയ്ക്കണമെന്നു അഭിപ്രായമുണ്ടോ?

MR. TARIATU KUNJITOMMAN (*Commerce and Industry, North*): അതു മറെറാള്ള മെമ്പറന്മാരുമായി ആലോചിച്ചു പറയേണ്ട ഒരു സംഗതിയാണ്. ആ സംഖ്യ വളരെ തുച്ഛവുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*) : ഇങ്ങനെ പടി കുറച്ചു പണം ഗവണ്മെൻറിനു കൊടുത്താൽതന്നെയും ആ പണം ശരിയായിട്ടു ചിലവാക്കും എന്നുള്ളതിനു വല്ല നിശ്ചയവും ഉണ്ടോ?

MR. TARIATU KUNJITOMMAN (*Commerce and Industry, North*): ഒരു നിശ്ചയവുംഇല്ല. മറിനങ്ങളിൽ കുറയ്ക്കുന്ന പണമെല്ലാം ഉദ്യോഗസ്ഥന്മാരുടെ ഭാഗത്തു കൊടുക്കുന്നു എന്നാണു ബഡ്ജറുകൊണ്ടു മനസ്സിലാക്കേണ്ടതു്.

രണ്ടു വർഷമായിട്ടു് ഉല്പന്നങ്ങളുടെ വില കുറഞ്ഞിരുന്നിട്ടും പഴയ റേറനുസരിച്ചുള്ള തീരുവയാണു ചുമത്തിവന്നിരുന്നതു. ഇപ്പോൾ കുറെ കുറച്ചിട്ടുണ്ടു്; എന്നാൽ അതു് ഇപ്പോഴത്തെ വിലയുടെ സ്ഥിതിക്കു യോജിച്ചതല്ല. കുരുമുളകിനു് തീരുവയിൽ ഒരു കുറവും വരുത്തിയിട്ടില്ല. കണ്ടിക്കു അറുനൂറു രൂപാ വിലയുണ്ടായിരുന്ന കാലത്തെ നിരക്കിനുള്ള തീരുവയാണു ഇപ്പോഴും കൊടുക്കേണ്ടിയിരിക്കുന്നതു്. അതിനാൽ ഉല്പന്നങ്ങളുടെ തീരുവ രണ്ടുവർഷത്തേക്കു നിറുത്തുകതന്നെ വേണം.

ആദായനികുതിയെപ്പറ്റിയാണു ഇനി പറയാനുള്ളതു്. ഇപ്പോൾ മിക്കവാറും കച്ചവടക്കാക്കു് ആദായം ഇല്ല. ആദായനികുതി ചുമത്തുന്നതു സംബന്ധിച്ചു കണക്കുകൾ പരിശോധിക്കുന്നതിൽ കച്ചവടക്കാർക്കു് വളരെ ബുദ്ധിമുട്ടു നേരിടുന്നുണ്ടു്. ഉദ്യോഗസ്ഥന്മാക്കു ആ ബുദ്ധിമുട്ടു സാമ്പത്തീക വിഷമവുമില്ലാത്തതിനാൽ അവരിൽനിന്നും ആദായനികുതി ഈടാക്കാം. പ്രത്യേക ആനുകൂല്യം ഒരു വർഷത്തേക്കു് ചെയ്താലുംമതി. സാമ്പത്തികനിലയുടെ അടിത്തട്ടു കണ്ടിരിക്കുന്ന ഈ അവസരത്തിൽ ജനങ്ങളെ ഇനി കഷ്ടപ്പെടുത്തുവാൻ പാടുള്ളതല്ല. ഇതിനും പുറമെ ഭൂനികുതി ഒരു കൊല്ലത്തേക്കു് പകുതിയായി കുറച്ചുകൊടുക്കണം. എല്ലാത്തരത്തിലുള്ള കൃഷിക്കാരും ഇപ്പോൾ വളരെ വിഷമസ്ഥിതിയിൽ ഇരിക്കയാണു്. റബ്ബറിൻെറ കരം കുറെ കുറച്ചുകൊടുത്തതിനെപ്പറ്റി ചില സാമാജികന്മാർ തെറ്റിദ്ധരിച്ചു് ഇവിടെ ആക്ഷേപം പുറപ്പെടുവിച്ചു. പുതുവൽ ഭൂമികൾപതിച്ചുകൊടുത്ത കാലത്തു രണ്ടുരൂപാവീതമാണു കരം നിശ്ചയിച്ചിട്ടുണ്ടായിരുന്നില്ല. ഈ രണ്ടുരൂപാ കരം ഇടക്കാലത്തു് ഏർപ്പെടുത്തിയിട്ടുള്ളതാണു്. അതായതു് അടുത്ത കണ്ടെഴുത്തിനുമുൻപു കരം കൂട്ടുകയോ കുറക്കുകയോ ചെയ്യാൻ പാടില്ല എന്നുള്ള തിരുവെഴുത്തുവിളംബരത്തിനു വിപരീതമായിട്ടാണു റബ്ബർഭൂമികൾക്കു കരം ചുമത്തിയിട്ടുള്ളതു്. എന്നാൽ റബ്ബറിനു വിലയില്ലാതിരിക്കുന്നതുകൊണ്ടു

LIBRARY ARCHIVES Kerala Legislative Assembly

[Mr. Tariatu Kunjitomman.]

റബ്ബർ കൃഷി ചെയ്തിട്ടുള്ള സ്ഥലത്തിന്റെ കരംതീരെ നിരുത്തേണ്ടതാണ്. ആദായത്തിന്റെ ഒരു ഭാഗമാണു നികുതി കൊടുക്കേണ്ടതു് എന്നാണു മനസ്സിയിൽക്കൂടി പറയുന്നതു്. ആ തത്വത്തിനു് അശേഷം യോജിച്ചതല്ല ഈ നികുതി.

വടക്കൻതിരുവിതാംകൂറിൽ രണ്ടുമൂന്നു താലൂക്കുകളിൽ ലമൺഗ്രാസ് ധാരാളം കൃഷിചെയ്തുവന്നിരുന്നു. ആണ്ടുതോറും പത്തു പന്ത്രണ്ടുലക്ഷം രൂപായുടെ തൈലം കയറുമതി ചെയ്തുകൊണ്ടിരുന്ന ലമൺഗ്രാസ് കൃഷി ഇപ്പോൾ യാതൊരാദായവും കിട്ടാതെനശിച്ചുപോയിരിക്കുന്നു. അതിനാൽ ആ സ്ഥലത്തിന്റെ കരവും ഒരു കൊല്ലത്തേക്കു നിരുത്തിവയ്ക്കേണ്ടതാണു്. ഇങ്ങനെ സാമ്പത്തികമായിപല്ലകാര്യങ്ങളും ഗവണ്മെന്റു ബുദ്ധിപൂർവ്വം ഉടനെ ചെയ്യേണ്ടതുണ്ടു്.

MR. K. KUNJUKRISHNA PILLAI (*Quilon*): കൃഷിക്കാർക്കു പണം കടം കൊടുക്കുന്നപക്ഷംഅവരുടെ ഋണബാദ്ധ്യത കുട്ടം എന്നു മെംബർക്കു അഭിപ്രായമുണ്ടോ?

MR. TARIATU KUNJITOMMAN (*Commerce and Industry, North*): കുറയാനേ ഇടയുള്ളൂ, ഇപ്പോൾ വലിയ പലിശയ്ക്കു കടം വാങ്ങിയിരിക്കുന്ന കൃഷിക്കാർക്കു ചുരുങ്ങിയപലിശയ്ക്കു കടംകൊടുക്കുന്നപക്ഷം അവരുടെ ഋണബാദ്ധ്യത വളരെ കുറയും.

റിസർവിലെ ചതുപ്പു നിലങ്ങൾ പതിച്ചു കൊടുക്കണം. ഭ്രസ്വത്തുജാമ്യബാങ്കു് സ്ഥാപിക്കണം, ടോൾഗേറു നിർത്തണം, രാജകീയവൃക്ഷങ്ങൾ കുടികൾക്കു വിട്ടുകൊടുക്കണം. പേഷ്ക്കാരുദ്യോഗം നിർത്തണം, മെഡിക്കൽബോർഡ് നിർത്തണം, എന്നിങ്ങനെ അനേകംകാര്യങ്ങൾ ഞങ്ങൾ ഈ കൌൺസിലിൽ അവതരിപ്പിച്ചു പാസാക്കി. ഗവണ്മെന്റ് ഇവയെ ആദരിച്ചു പ്രവർത്തിച്ചിട്ടില്ല. പിന്നെ ഈ സഭ എന്തിനാണു്? ഇതു് ആവശ്യമില്ല എന്നുള്ള അഭിപ്രായമാണു ജനങ്ങൾക്കുള്ളതു്. അതിനാൽ ജനപ്രതിനിധിസ്ഥാപനം പുതുതാക്കണം. പ്രജാസഭതന്നെ നിഷ്പ്രയോജനമായ സ്ഥാപനമാണെന്നു ജനങ്ങളുടെ ഇടയിൽ അഭിപ്രായമുണ്ടു്. കൊച്ചി നിയമസഭ തുടങ്ങി അധികകാലം ആയിട്ടില്ലെങ്കിലും അവർക്കു ഡപ്യൂട്ടിപ്രസിഡണ്ടിനെ തിരഞ്ഞെടുക്കാനുള്ള അധികാരം കിട്ടീട്ടുണ്ടു്. നമ്മുടെ നിയമസഭ വളരെക്കാലത്തെ പഴക്കമുള്ളതാണു്. നമുക്കു് ഒരു അനുദ്യോഗസ്ഥഡപ്യൂട്ടിപ്രെസിഡെൻറിനെ തിരഞ്ഞെടുക്കാനുള്ള അവകാശം പോലും ഇനിയും നൽകിയിട്ടില്ല. ഇപ്പോൾ ന

LIBRARY ARCHIVES Kerala Legislative Assembly

മുക്കുള്ളതു് ഒരുദ്യോഗസ്ഥഡപ്യൂട്ടി പ്രസിഡൻറാണു്. അദ്ദേഹത്തെ ഞാൻ കുറ്റം പറയുന്നില്ല. എന്നാൽ പ്രായപൂർത്തിവന്നിട്ടുള്ള എല്ലാവർക്കും വോട്ടവകാശം കൊടുത്തു് അവർ തിരഞ്ഞെടുക്കുന്ന ഒരു പ്രതിനിധി സഭയ്ക്കു ഡപ്യൂട്ടിപ്രസിഡൻറിനെ തിരഞ്ഞെടുക്കുവാനും മറ്റും അവകാശം നല്കേണ്ടതാണു്. എല്ലാ വർഗ്ഗക്കാർക്കും സംഖ്യാനുസരണം പ്രാതിനിധ്യംവേണം. ഈ വിധത്തിൽ പ്രതിനിധിസഭകൾ പരിഷ്കരിക്കാതെ രാജ്യത്തു യാതൊരു അഭിവൃദ്ധിയും വരാൻ ഇടയില്ലെന്നാണു് ഇപ്പോഴത്തെ സാഹചര്യംകൊണ്ടു മനസ്സിലാക്കുന്നതു്. നിയമസഭ, പ്രജാസഭ കമ്മിറ്റികൾ തുടങ്ങിയുള്ളസ്ഥാപനങ്ങളിൽ ഗവണ്മെൻറു ചിലരെ നാമനിർദ്ദേശം ചെയ്യുന്നുണ്ടെങ്കിലും അതിൽ ദോഷകരമായ ഒരുവശം കൂടിയുണ്ടു്. എല്ലായ്പോഴും അതുകൊണ്ടുമാത്രം ചില സമുദായങ്ങളുടെ അവകാശം ശരിയായി ലഭിക്കയില്ല. ഇപ്പോൾ ഈഴവർ മഹമ്മദീയർ തുടങ്ങിയുള്ള സമുദായങ്ങളിൽ ഉൾപ്പെട്ടവർക്കു ജനപ്രതിനിധിസഭകളിലേക്കുള്ള തിരഞ്ഞെടുപ്പിൽ വിജയംനേടാൻ വളരെ പ്രയാസമാണു്. ഈഴവർക്കു് ഒരാളെ പോലും നിയമസഭാ തിരഞ്ഞെടുപ്പിൽ കിട്ടിയിട്ടില്ല. അതിനാൽ ഈ സമുദായങ്ങളിൽനിന്നും പ്രതിനിധികളെ തിരഞ്ഞെടുക്കാനുള്ള അവകാശം അവർക്കു കൊടുക്കേണ്ടതാണു്. അതിലേക്കു വർഗ്ഗീയനിയോജകഗമണ്ഡലസമ്പ്രദായം ഏർപ്പെടുത്തണം.

ഇപ്പോഴത്തെ ഉദ്യോഗനിയമനരീതി തീരെ മാറ്റണം. അതിലേക്കു് ഒരു കമ്മിറ്റി ഏർപ്പെടുത്താമെന്നു വളരെനാളായി പറയുന്നു. കമ്മിറ്റികൾ ഏർപെടുത്തിയാൽ കാര്യങ്ങൾ കുറെക്കാലത്തേക്കു നീട്ടിക്കൊണ്ടു പോകാം; കമ്മിറ്റിയുണ്ടെന്നു സമാധാനവും പറയാം. അതാണു കമ്മിറ്റികൾസംബന്ധിച്ചു ഇപ്പോഴത്തെ അനുഭവം. കമ്മിറ്റിയിൽ കടന്നുകൂടാൻ പലരും പല തരത്തിൽ ശ്രമിച്ചുകൊള്ളും. നിയമനം സംബന്ധിച്ചു ഒരു സ്ഥിരമായ നയം ഉടനെ ഉണ്ടാക്കണം. എല്ലാവർഗ്ഗങ്ങളിലും ന്യായമായ അവകാശികൾ ഉണ്ടായിരിക്കെ ചിലവർഗ്ഗക്കാരെ അധികമായി ഉദ്യോഗത്തിൽ വയ്ക്കുന്നതു രാജ്യത്തു അസ്വസ്ഥതയുണ്ടാക്കാൻ കാരണമാകുന്നു. അതു് ഒരു വർഗ്ഗത്തിൻറെയും തെറ്റല്ല. ഗവണ്മെൻറിൻറെ അല്ലെങ്കിൽ ഉദ്യോഗസ്ഥന്മാരുടെ തെറ്റാണു്. ന്യായമായി തങ്ങൾക്കുകിട്ടേണ്ട പങ്കു കിട്ടണമെന്നാണു് ഇവിടത്തെ പൌരതതി ആഗ്രഹിക്കുന്നതു്. ഇവിടെ ആകെ ഉന്ന, ൦ ൦ ൦ത്തിൽ ശിഷ്ടം ആളുകൾ ഉദ്യോഗത്തിൽ ഉണ്ടെന്നാണു ഞാൻ കണക്കുകൂട്ടിയതിൽ കാ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Tariatu Kunjitomman.]

ണന്നത്. അതു തെറ്റാണെങ്കിൽ ഫിനാൻഷ്യൽ സെക്രട്ടറി തിരുത്തുമെന്നു വിശ്വസിക്കുന്നു. ഈ രാജ്യത്തു ക്ഷേമവും സമാധാനവും ഉണ്ടാകണമെങ്കിൽ വിവിധവർഗ്ഗങ്ങൾതമ്മിൽ ഐകമത്യം ഉണ്ടാകണം. അതുകൊ ടുന്നു, ൦ ൦ ൦ ഉദ്യോഗങ്ങളുള്ളതിൽ ടു൪, ൦ ൦ ൦ ഉദ്യോഗവും സവർണ്ണഹിന്തുക്കൾക്കാണെന്നാണു ഞാൻ വിചാരിക്കുന്നത്. ബാക്കി ടു, ൦ ൦ ൦ മറ്റു വമ്പിച്ച ജനവിഭാഗങ്ങൾ അടങ്ങിയ സമുദായക്കാർക്കെല്ലാം കൂടി ഇന്നു ലക്ഷം വരുന്ന കുസ്തന്ത്രാനികളിൽ ആയിരംപേർ ടുന്നു, ൦ ൦ ൦ ത്തിൽ ഉണ്ടായിരിക്കുമോ എന്നു ഞാൻ സംശയിക്കുന്നു. ഉദ്യോഗകാര്യം ഇവിടെ പറയുന്നതു ഭംഗിയല്ല എന്നു പതിവുപോലെ ചിലർ പറഞ്ഞേക്കാം. അതു ഉദ്യോഗവർഗ്ഗത്തിൽപെട്ടവരായിരിക്കും. എത്ര പറഞ്ഞിട്ടും ഗവണ്മെൻറു വേണ്ടപോലെ ശ്രദ്ധിക്കാത്തതുകൊണ്ടാണു വീണ്ടും പറയുന്നത്. ഉദ്യോഗം ഉപജീവനത്തിനു മാത്രമുള്ള ഒരു വഴിയല്ല. ഉദ്യോഗസ്ഥന്മാരിലാണു സകല അധികാരവും ഇരിക്കുന്നത്. ഒരു രാജ്യക്കാർ മറെറാരു രാജ്യക്കാരെ കീഴ്പ്പെടുത്തിഭരിക്കുന്നതുപോലെ സങ്കടമായിട്ടുള്ളതാണ്. ചില വർഗ്ഗക്കാർ തന്നെ ഉദ്യോഗങ്ങൾ വഹിച്ചു മറ്റുള്ളവരുടെമേൽ അധികാരങ്ങൾ ചെലുത്തുന്നതു് ഇപ്പോഴത്തെ ഉദ്യോഗനിയമന സമ്പ്രദായം ഏതുതരത്തിൽ ഇരിക്കുന്നു എന്നു കൌൺസിലിലെ ചോദ്യങ്ങൾക്കു തന്നിട്ടുള്ള മറുപടിയിൽനിന്നും വ്യക്തമാകുന്നുണ്ടു. ഇപ്പോഴത്തെ നിയമനസമ്പ്രദായത്തിന്റെ ശിരസ്സു് വർഗ്ഗീയപക്ഷപാതവും, ഹൃദയം ഇതരവർഗ്ഗവിദ്വേഷവും, വലത്തുകൈ അക്രമവും, ഇടത്തുകൈ അഴിമതിയും ആകുന്നു. അതിനെ ഗവണ്മെൻറു നിശ്ചയമായും അടിച്ചമർത്തേണ്ടതാകുന്നു. എനിക്കധികാരം ഉണ്ടായിരുന്നു എങ്കിൽ ഞാൻ ജനക്ഷേമത്തിനായി ഇതിനെ തകർത്തുകളയുകയോ അതിനായുള്ള ശ്രമത്തിൽ ഏതു ത്യാഗവും സ്വയംവരിക്കയോ ചെയ്യുമായിരുന്നു. രാജ്യത്തെയും നീതിയേയും സ്നേഹിക്കുന്ന ആർക്കും ഈ അനീതിയിൽ മൌനമായിരിക്കുവാൻ പാടില്ല. ഉദ്യോഗദാനവിഷയത്തെ സംബന്ധിച്ചു് ഒരു കമ്മിറ്റി രൂപീകരിക്കാൻ പോകുന്നതായി കേൾക്കുന്നതു് മല എലിയെ പ്രസവിച്ച കഥപോലെ വന്നുചേരുമോ എന്നു ഞാൻ സംശയിക്കുന്നു. അന്യത്തെ കൌൺസിലിൽ റായൽറ്റി കൂടികൊടുക്കുവിട്ടുകൊടുക്കണമെന്നു പറഞ്ഞതിന്റെ ഫലമായി ഒരു കമ്മിറ്റിയെർപ്പെടുത്തി റിപ്പോർട്ടും സമർപ്പിച്ചു. ഇപ്പോൾ൯ വർഷമായി ആ റിപ്പോർട്ടിന്മേൽ ഗവണ്മെൻറു എന്തുചെയ്തു എന്നു ചോദിച്ചപ്പോൾ ആലോചിക്കുന്നു എന്നാണു് ഇന്നലെ പറുപടി പറഞ്ഞതു്.

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപിക്കുവാൻ കമ്മിറ്റി, പഴയ ജന്മികുടിയാൻ കമ്മറ്റി, പ്രീപാസു കമ്മിറ്റി തുടങ്ങിയ പല കമ്മിറ്റികളുടേയും റിപ്പോർട്ട വരുത്തിയിട്ടുണ്ട്. ഞാൻ ഇതിലൊക്കെ മെംബറായിരുന്നു. എന്താണ് പ്രയോജനം? ഉദ്യോഗകാര്യത്തിൽ എനിക്കു സ്വാർത്ഥമായി യാതൊന്നുമില്ല. എനിക്കു ഉദ്യോഗം കിട്ടുകയില്ല. എന്റെ അടുത്ത ചാച്ചുക്കാർ ഉദ്യോഗാർത്ഥികളായുമില്ല. ഈ അനീതി നിറുത്തണം. മി: രാഘവയ്യാ ഈ ഉദ്യോഗനിയമനത്തിന്റെ ദുഷ്പ്രവാഹത്തെ തടയുന്നതിനായി ഒരു ചീറ കെട്ടി. അതായത് അതിനെസംബന്ധിച്ചു ഒരു ജി. ഒ. പുറപ്പെടുവിച്ചു. അദ്ദേഹം അതിനെ ലംഘിച്ചു പ്രവർത്തിച്ചിട്ടുള്ളവരോടു സമാധാനം ചോദിച്ചു. അദ്ദേഹം പോയഉടനെ അതിനെ അവഗണിച്ചു. എപ്പോഴും ശക്തിയുള്ള ഒരു കരം ഹജൂരിൽനിന്നുതന്നെ പ്രയോഗിച്ച് അധികാരമുള്ള ഉദ്യോഗസ്ഥന്മാരെ ഈവിഷയത്തിൽ നിയന്ത്രിക്കണം. പൊതുജനങ്ങളുടെ അവകാശത്തെ അവഗണിച്ചു സ്വന്തം ചാർച്ചവേഴ്ചക്കാക്ക് ഉദ്യോഗം നല്കുന്നവരാണു പബ്ലിക്ക് സർവ്വീസിലെ ഭൂരിപക്ഷം ഉദ്യോഗസ്ഥന്മാർ എന്നു ഒരു ദേശാഭിമാനിയായ ഞാൻ ഉച്ചൈസ്തരം ഗവണ്മെൻറിനോടു വിളിച്ചു പറഞ്ഞുകൊള്ളുന്നു. ലാൻഡ് റവന്യൂ, എക്സൈസ് കോവാപ്പറേറീവ്,മെഡിക്കൽ ഈ വകുപ്പുളിലെ നിയമനപ്പട്ടിക അതിനു ഉദാഹരണമാണ്. മിസ്റ്റർ രാഘവയ്യാ പോയശേഷം ഈ വിഷയത്തെ സംബന്ധിച്ചു ശക്തിയായ ആജ്ഞകൾ ഹജൂരിൽനിന്നും കൊടുത്തു നടത്തിക്കുന്നതായികാണുന്നില്ല.

കൊച്ചീരാജ്യത്തു ബ്രിട്ടീഷ്ഇൻഡ്യയിൽനിന്നും രണ്ടോ മൂന്നോ സിവിലിയൻസ്വന്നു ഭരണം നടത്തിയതിന്റെ ഫലമായി അവിടെ ഈ അസമത്വം വളരെ ഇല്ലാതാക്കി. നമ്മുടെരാജ്യത്തുനിന്നും പണം വിദേശികൾക്കു കൊടുക്കാൻ പാടില്ല എന്നുള്ള അഭിപ്രായക്കാരനാണ് ഞാൻ എങ്കിലും ഈ അഴിമതി മാറുന്നതിനു ബ്രിട്ടീഷ്ഇൻഡ്യയിൽനിന്ന് ഒരു സിവിലിയനെതന്നെ ഉടനെ വരുത്തേണ്ടതാണെന്നു വിചാരിക്കുന്നു. ഇവിടെയുള്ളവരായാൽ സ്വന്തജാതിക്കാരുടെ ഗുണത്തെ പ്രധാനമായി കരുതും. ഈ അനീതി നിർത്താൻ മടിക്കും. അതിനാൽ പുറത്തുനിന്നുംതന്നെ ഒരു ബങ്കാളിയേയൊ പഞ്ചാബിയേയൊ ഇവിടെ വരുത്തണം. അല്ലെങ്കിൽ കൊച്ചീദിവാൻ മി. ഹെർബർട്ടിനെപ്പോലെ വിശാലബുദ്ധിയും സമഭാവനയുമുള്ള ഒരാളായാലും മതി. ഈ സംഗതികളെല്ലാം ഗവണ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നുകൊണ്ട് ഞാൻ വിരമിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

The Council rose for lunch at 2-10 P. M. and reassembled at 2-53 P.M

MR. K. I. KOCHEEPPAN MAPPILA (*Nominated*). പ്രജാപ്രതിനിധിത്വത്തിന്റെ ലക്ഷ്യമായി ഈ നാട്ടിൽ അനുവദിച്ചിട്ടുള്ള ഈ നിയമസഭക്ക് ജനങ്ങളുടെ ആവശ്യത്തിനുപറഞ്ഞിയ എല്ലാ അവകാശങ്ങളും അധികാരങ്ങളും കിട്ടിയിട്ടില്ല എന്നു പറയുന്നതിൽ വളരെ തെറ്റുണ്ടെന്ന് എനിക്കു തോന്നുന്നില്ല. വളരെ പരിമിതങ്ങളായിരിക്കുന്ന ആ അധികാരങ്ങൾതന്നെ ഈ സഭയുടെ ആദ്യകാലത്തേക്കാൾ ഇപ്പോൾ വളരെ വളരെ കുറഞ്ഞുവരുന്നു എന്ന് എന്റെ ബഹുമാന്യസ്നേഹിതനായ മി. ആശാൻ ഇവിടെ പ്രസ്താവിക്കയുണ്ടായി. ആ അഭിപ്രായത്തോടു ഞാൻ പരിപൂർണ്ണമായി യോജിക്കുന്നു. ഈ സഭയിൽ പാസാക്കുന്നകാര്യങ്ങൾ എന്തായിതീർന്നു എന്നു അറിയുന്നതിനിടയില്ലാതെ വളരെ വളരെ കിടപ്പുണ്ട് എന്നുള്ളതും ഈ അവസരത്തിൽ വിസ്മരിക്കത്തക്കതല്ല. ഈ സംഗതിയെസംബന്ധിച്ചു കൊച്ചിയിലെ നിയമസഭ ഇവിടുത്തേക്കു ഒരു ശരിയായിട്ടുള്ള മാതൃകയാണ്. അവിടെ ആഴ്ചതോറും പ്രസിദ്ധീകരിക്കാറുള്ള ഗസറിൽനിയമസഭയിൽ രീതിമാനിച്ച കാര്യങ്ങൾ ഏതെല്ലാം സ്വീകരിച്ചു എന്നും, അതു ഏതെല്ലാം പ്രകാരത്തിൽ നടക്കുന്നു എന്നും, ഏതെല്ലാംനിരാകരിച്ചുഎന്നും പ്രത്യക്ഷമായിട്ടു അറിയിക്കുന്ന ഒരു വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്നുണ്ട്. ആ രീതിയോ നയമോ ഇവിടേയുംസ്വീകരിക്കുന്നതായാൽ ഗവണ്മെൻറിന്റെ പേരിൽ ജനസമുദായത്തിന്റെ ഇടയ്ക്കുള്ള തെറ്റിധാരണ അവസാനിക്കുമെന്നാണ് എന്റെ അഭിപ്രായം.

ജനപ്രതിനിധികളിൽ ഒരു മഹാനുഭാവൻ ഇന്നലെ സഭയുടെ പ്രസിദ്ധീകരണങ്ങളെക്കുറിച്ചു പറയുകണ്ടായി. സഭയിലെ പ്രസിദ്ധീകരണങ്ങൾ മലയാളഭാഷയിൽ കൂടി വേണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു. അതിൽ വളരെ കാര്യങ്ങൾ ഉണ്ട്. ബഹുഭൂരിപക്ഷം മാതൃഭാഷ മാത്രം സംസാരിക്കുന്ന ജനങ്ങളാൽ തിരഞ്ഞെടുത്തു് ഇവിടെ അയയ്ക്കപ്പെടുന്നമെംബറന്മാർ എന്തെല്ലാമാണ് പറയുന്നതെന്നും, അതിനു ഗവണ്മെൻറു എന്തെല്ലാം മറുപടി പറയുന്നു എന്നും അറിയുന്നതിന് അവരെ തിരഞ്ഞെടുത്തയയ്ക്കുന്ന ജനത്തി വളരെജിജ്ഞാസയോടുകൂടി കാത്തിരിക്കുന്നുണ്ട്. എന്നാൽ പ്രസിദ്ധീകരണങ്ങൾ അന്യഭാഷയിലാകകൊണ്ടു് അവക്കു വളരെ നിരാശയും അതൃപ്തിയും ഉണ്ടാകുന്നു. ഗവണ്മെൻറു നടത്തുന്ന കാര്യങ്ങളെപ്പറ്റി അപ്പോഴപ്പോൾ ജനസമുദായത്തിന് അറിവു കൊടുക്കുന്നതുനിമിത്തം അവക്ക് നിശ്ചയമായിട്ടും രാഷ്ട്രീയമായിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

ജ്ഞാനം ഉണ്ടാകുമെന്നുള്ളതു് തീച്ചയാണു്. ഈ നിയമസഭയെപ്പറ്റി പറയുകയാണെങ്കിൽ രണ്ടോ മൂന്നോ ആളുകളല്ലാതെ മറ്റാരും മാതൃഭാഷ പഠിച്ചിട്ടില്ലാത്തവർ അല്ല. ഈ രണ്ടോ മൂന്നോ ആളുകൾക്കുവേണ്ടി മാത്രം അനേകലക്ഷം ആളുകളുടെ സൗകര്യത്തെ തടസ്സപ്പെടുത്തുന്നതു വളരെ കഷ്ടമാണെന്നു ഗവണ്മെൻറു മനസ്സിലാക്കി പ്രവൃത്തിക്കുന്നതായാൽ കൊള്ളാം. ഇവിടെ ജോലിയിലിരിക്കുന്ന ചിലർക്കു മാതൃഭാഷ അറിഞ്ഞുകൂടെങ്കിൽ അവർ അതുംകൂടെ മനസ്സിലാക്കിക്കൊള്ളണം എന്നു പറയുകയല്ലാതെ ഈ വിധത്തിൽ രൂപാന്തരപ്പെടുത്തുന്നതു ശരിയായ ഒരു കാര്യമല്ല.

പിന്നെ നിയമസഭയെപ്പറ്റിയുള്ള വിമർശനം നടന്നപ്പോൾ ചില സംഗതികൾ ഇവിടെ പറയുകയുണ്ടായി. എനിക്കതിനോടു യോജിക്കുന്നതിനു നിവൃത്തിയില്ലാ എന്നു പറയേണ്ടിയിരിക്കുന്നു. ഡപ്യൂട്ടി പ്രസിഡൻറിനെ ജനങ്ങൾ തന്നെ തിരഞ്ഞെടുക്കണം എന്നു പറഞ്ഞു. മി: കുഞ്ഞിത്തൊമ്മൻ അതിനെപ്പറ്റി പറഞ്ഞപ്പോൾ അതിൻറെ മറുവശം കൂടി സൂചിപ്പിച്ചിട്ടുണ്ടായിരുന്നു. എന്നാൽ അതിന് അത്ര പ്രാധാന്യം കൊടുത്തിട്ടുണ്ടോ എന്നു സംശയമാണു്. ജനങ്ങൾക്കുതന്നെ തിരഞ്ഞെടുപ്പുവിഷയത്തിൽ പൂർണ്ണമായ അവകാശവും സ്വാതന്ത്ര്യവും നല്കിയതിനുശേഷമല്ലാതെ ഈ സഭയ്ക്കു ഡപ്യൂട്ടി പ്രസിഡണ്ടിനെ തിരഞ്ഞെടുക്കുന്നതിനുള്ള അനുവാദം കൊടുക്കുന്നതു വളരെ ഹാനികരമാണു്. അനേകം സമുദായങ്ങൾക്കു ലഭിക്കേണ്ട പ്രാതിനിധ്യം ലഭിക്കാതെ കഷ്ടപ്പെടുന്നു എന്നുള്ളതും ഒരിക്കലും വിസ്മരിക്കത്തക്കതല്ല.

MR. TARIATU KUMJITOMMAN (*Commerce and Industry, North*): ഇപ്പോഴത്തെപ്പോലെ ഒരു സമുദായത്തിൽനിന്നുതന്നെ തിരഞ്ഞെടുക്കുന്നതു ശരിയാണോ?

MR. K. I. KOCHEEPPAN MAPPILA (*Nominated*) : ശരിയല്ല.

MR. JOSEPH KUNJU (*Changanachery* cum *Peermade*). ജനങ്ങൾക്കു് ഇപ്പോൾ തിരഞ്ഞെടുക്കുന്നതിനു സ്വാതന്ത്ര്യം ഇല്ലേ?

MR. K. I. KOCHEEPPAN MAPPILA (*Nominated*) : ഇല്ല.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): ഇപ്പോൾ കഷ്ടപ്പെടുന്നു എന്നു പറയുന്ന സമുദായക്കാരെ തിരഞ്ഞെടുക്കുന്നതിനു വിപരീതമായ ചട്ടം വല്ലതും ഉണ്ടോ?

MR. K. I. KOCHEEPPAN MAPPILA (*Nominated*): ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. I. Kocheeppan Mappila.]

ഈഴവസമുദായത്തിൽ നിന്നും രണ്ടു മാന്യന്മാരെ ഈ സഭയിലേക്കു നിമിച്ചിട്ടുണ്ട്. ഇവിടെ എത്തിയിട്ടുള്ള ഏതു മെംബറോടും കിടപിടിക്കത്തക്കവണ്ണം യോഗ്യന്മാരാണ് അവർ.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): അതിലേക്കു പ്രത്യേകമായ നിയോജകമണ്ഡലങ്ങൾ ഏർപ്പെടുത്തിയാൽ കൊള്ളാമെന്നു മെംബർ വിചാരിക്കുന്നുണ്ടോ?

MR. K. I. KOCHEEPPAN MAPPILA (*Nominated*): ഓരോ സമുദായത്തിനും ആ അവകാശം പ്രത്യേകം ലഭിക്കാൻ തക്കവണ്ണം എന്തെങ്കിലും ഏർപ്പാടുകൾ ചെയ്യുന്നതു കൊള്ളാം.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): ഇങ്ങനെ പ്രത്യേക അവകാശവും പ്രാതിനിധ്യവും കിട്ടുന്നതിനു എന്തു വ്യവസ്ഥ ഉണ്ടാക്കാം എന്നാണ് ഉദ്ദേശിക്കുന്നതു? പ്രത്യേക നിയോജകമണ്ഡലങ്ങൾ ഏർപ്പെടുത്തിയാൽ മതിയോ?

MR. K. I. KOCHEEPPAN MAPPILA (*Nominated*): ഞാൻ നിർദ്ദേശിക്കുന്ന സംഗതികൾ കൊടുത്തുകഴിഞ്ഞാൽ അതു മതിയാകും.

അങ്ങിനെ ഒരു സ്വാതന്ത്ര്യം ജനങ്ങൾക്കു കൊടുത്തതിനുശേഷം മാത്രമേ ഡപ്യൂട്ടിപ്രസിഡൻറിന്റെ നാമനിർദ്ദേശനം മറ്റുമുള്ള സ്വാതന്ത്ര്യം ജനങ്ങൾക്കു കൊടുക്കാൻപാടുള്ളൂ.

ഇങ്ങനെ വേറെയും ആളുകൾ ഈഴവസമുദായത്തിലുണ്ട്. ഇവരിൽ ആരെയെങ്കിലും തിരഞ്ഞെടുത്തയയ്ക്കുന്നതിനു ഒരു നിയോജകമണ്ഡലമെങ്കിലും ഇതുവരെ സന്നദ്ധമായിട്ടില്ല. ഏതെങ്കിലും ഒരു നിയോജകമണ്ഡലത്തിൽ പത്തോ അറുപതോ ചിലപ്പോൾ നൂറോ ചില പ്രത്യേകവർഗ്ഗക്കാർ കൂടുതൽ സമ്മതിദായകാവകാശത്തോടുകൂടിയിരുന്നാൽ ആ വർഗ്ഗത്തിൽപെട്ടവർ മാത്രമേ തിരഞ്ഞെടുക്കപ്പെടാവൂള്ളൂ. ഇതരസമുദായത്തിൽപ്പെട്ട ഏതുതരംയോഗ്യന്മാർ അവിടെ നിന്നാലും അയാളെ ഓടിച്ചുകളയുന്നതിനു വർഗ്ഗീയമായ സമ്മതിദായകാവകാശാധികാരത്തെ ഉപയോഗപ്പെടുത്തുന്നു. അഭിപ്രായപ്രാതിനിധ്യം ഇവിടെ പ്രബലപ്പെടാതിരിക്കുന്നിടത്തോളം കാലം വോട്ടിനുള്ള അവകാശം എല്ലാവർക്കും ഒന്നുപോലെ ലഭിച്ചതിനുശേഷമല്ലാതെ സകല കാര്യത്തിലും തിരഞ്ഞെടുക്കുവാനുള്ള അവകാശം നൽകുന്നതു അവശസമുദായങ്ങളെ സംബന്ധിച്ചിടത്തോളം ആപൽക്കരമാണ്.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): അതുകൊണ്ടു ഗവണ്മെൻറിൽ നിന്നും നാമനിർദ്ദേശം ചെയ്യുന്ന ഇപ്പോഴത്തെരീതി ഉത്തമം എന്നാണൊ അഭിപ്രായപ്പെടുന്നതു?

LIBRARY ARCHIVES Kerala Legislative Assembly

MR. K. I. KOCHEEPPAN MAPPILA (*Nominated*): അതിനെ ഏതെല്ലാം പ്രകാരത്തിൽ ഒഴിക്കാം എന്നാണ് ഞാൻ ഇവിടെ പറയുന്നത്.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): കൌൺസിൽ മെമ്പറന്മാരേയുംകൂടെ ഗവണ്മെൻറിൽനിന്നുതന്നെ നിയമിക്കുന്നതായാൽ കൊള്ളാമൊ?

MR. K. I. KOCHEEPPAN MAPPILA (*Nominated*): എന്ത് എനിക്കു അഭിപ്രായം ഇല്ല.

MR. JOSEPH KUNJU (*Changanachery* cum *Peermade*): എല്ലാവക്കും വോട്ടവകാശം കൊടുക്കുന്നതു കൊള്ളാമോ?

MR. K. I. KOCHEEPPAN MAPPILA (*Nominated*): അങ്ങനെ ചെയ്യുന്നതായാൽ വളരെ നന്നായിരിക്കും.

പ്രത്യേകം സ്വാധീനശക്തി ഉപയോഗിച്ച് മുഴുവനും കയ്യിലെടുക്കുന്ന സമ്പ്രദായം ഇരിക്കുന്നിടത്തോളംകാലം ഗവണ്മെൻറിൻെറ അവകാശങ്ങളെ കൊടുക്കുന്നതുനിമിത്തം സമുദായങ്ങൾക്കു സങ്കടത്തിനുള്ള വഴി തുറന്നുകൊടുക്കരുതെന്നേയുള്ളൂ.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): കൊച്ചീഗവണ്മെൻറിൽനിന്നും ബ്രിട്ടീഷ് ഗവണ്മെൻറിൽനിന്നും ഇപ്പോൾ ചെയ്തിരിക്കുന്നത് ചീത്തയാണെന്നാണോ മെമ്പരുടെ അഭിപ്രായം?

MR. K. I. KOCHEEPPAN MAPPILA (*Nominated*): അവിടത്തെ കാര്യങ്ങളെപ്പറ്റി ഞാൻ പഠിച്ചിട്ടില്ല.

ഈ വിധത്തിൽ ഗവണ്മെൻറിനെ നാം ഹോമിപ്പിക്കുന്നതു മറുവിധേന ഉണ്ടാകുന്ന ആപത്തുകളെ ശങ്കിച്ചിട്ടായിരിക്കും. എന്നാൽ പിൻഭാഗത്തുനിൽക്കുന്ന ജനങ്ങളുടെ കാര്യങ്ങൾകൂടി ഓർമ്മിക്കണമെന്നു എൻെറ സ്നേഹിതന്മാരെ അനുസ്മരിപ്പിച്ചുകൊള്ളുന്നു.

സാമ്പത്തികാധഃപതനത്തെപ്പറ്റി രണ്ടു വാക്കു പറഞ്ഞുകൊള്ളുന്നു. അതിലേക്കു ഒരു കമ്മിറ്റി ഏർപ്പെടുത്തി. അതിൽ ബഹുമാന്യന്മാരായ അംഗങ്ങളായിരുന്നു ഉണ്ടായിരുന്നതു്. അവർ രാജ്യത്തിലെ നാനാപ്രകാരേണയുള്ള സ്ഥിതിഗതികൾ മനസ്സിലാക്കി പ്രവൃത്തിക്കുന്നതിനു തക്കയോഗ്യന്മാരുമായിരുന്നു. തിരുവിതാംകൂറിലെ ജനങ്ങളുടെ താല്കാലികനിലക്ക് ലഭിക്കേണ്ട കാര്യങ്ങളിന്നതാണെന്നു അവർ നിർദ്ദേശിച്ചിട്ടുണ്ടു്. എന്നാൽ കമ്മിറ്റിയുടെ റിപ്പോർട്ടിൻെറ പൂർണ്ണവിവരങ്ങൾ വന്നിട്ടില്ലാത്തതിനാൽ അതിനെ വിവരിച്ചു പറയുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. TARIATU KUJITOMMAN (*Commerce and Industry, North*): കായ്ങ്ങളിന്നതെല്ലാമെന്ന് എങ്ങിനെ അറിഞ്ഞു. റിപ്പോർട്ടവന്നിട്ടുണ്ടോ?

MR. K. I. KOCHEEPPAN MAPPILA (*Nominated*): റിപ്പോർട്ടവന്നില്ലെങ്കിലും കമ്മിറ്റിയുടെ അഭിപ്രായമെന്താണെന്നറിയുന്നുള്ള റിക്കാർഡ് ഉണ്ട്.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): ഉദ്യോഗസ്ഥമെമ്പറന്മാരുടെ അഭിപ്രായം വെളിയിൽ വന്നിട്ടുണ്ടോ?

MR. K. I. KOCHEEPPAN MAPPILA (*Nominated*): ഇല്ല.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): കമ്മിറ്റിയുടെ അഭിപ്രായമിന്നതാണെന്ന അന്നുദ്യോഗസ്ഥന്മാരിൽനിന്നും കിട്ടിയ അറിവിനേയാണോ മെമ്പർ പറയുന്നതു്?

MR. K. I. KOCHEEPPN MAPPILA (*Nominated*): കമ്മിറ്റിയുടെ അഭിപ്രായം ഇന്നതാണു് എന്നു പറയത്തക്ക ഒരു രേഖ കിട്ടിയിട്ടുണ്ടു്.

MR. R. S. SUBRAHMANYA PILLAI (*Kalkulam cum Vilavankod*): ഗസറ്റിൽ പരസ്യം ചെയ്തിട്ടുണ്ടോ?

MR. K. I. KOCHEEPPAN MAPPILA (*Nominated*): ഇല്ല. മറ്റുവിധത്തിൽ കിട്ടിയതാണു്.

ജനങ്ങളുടെ സങ്കടങ്ങളെ അതിൽ വെളിപ്പെടുത്തിയിട്ടുണ്ടു്.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): കമ്മിറ്റിയിലെ ഭൂരിപക്ഷം അംഗങ്ങളും ഉദ്യോഗസ്ഥന്മാരായിരുന്നാൽ ജനഹിതത്തിനു് പ്രാബല്യം കിട്ടുകയില്ലാ എന്നുള്ളതു വ്യക്തമല്ലേ? അതു നല്ലതാണോ?

MR. K. I. KOCHEEPPAN MAPPILA (*Nominated* : ഇവിടത്തെ വിഷയമതല്ല.

PRESIDENT: ചോദ്യം ചോദിച്ചാൽ നിങ്ങൾക്കു് ഉത്തരം ഉണ്ടെങ്കിൽപറയണം.

MR. K. I. KOCHEEPPAN MAPPILA (*Nominated*) : ആ ചോദ്യത്തിനും ഇതിനുമായി ബന്ധമില്ല.

ഉദ്യോഗസ്ഥന്മാരുടെ ശമ്പളം കുറക്കണം എന്നു ചിലസ്നേഹിതന്മാർ ഇവിടെ പ്രസ്താവിച്ചു. അതിനോടു ഞാനും യോജിക്കുന്നു. അതിനോടുകൂടി കരം കുറക്കണമെന്നു പറഞ്ഞപ്പോൾ കരം ഏർപ്പെടുത്തിയകാലത്തു് ഉല്പന്നങ്ങളുടെ വില ഏതുപ്രകാരമിരുന്നോ അതനുസരിച്ചുണ്ടു് ഇപ്പോഴത്തെ വിലയും ഇരിക്കുന്നതു് എന്നാണു് ഗവണ്മെൻറ്

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നതു്. അതുതന്നെ ശമ്പളം കുറക്കണമെന്നുള്ളതിനു് ശരിയായ ഒരു വാദമാണു്. വിലക്കുടിയിരിക്കുന്ന അവസരത്തിൽ ഉദ്യോഗസ്ഥന്മാക്കു് എന്തു ചിലവു വരുമോ അതിൽ വളരെക്കുറവായിട്ടേ ഇപ്പോം ചിലവു വരികയുള്ളൂ, അതുകൊണ്ടു് കുടിയ ശമ്പളമിപ്പോളാവശ്യമില്ലെന്നു ഗവണ്മെൻറിൽ നിന്നു പറഞ്ഞ മറുപടികൊണ്ടുതന്നെ പ്രത്യക്ഷമാകുന്നു.

MR. K. P. KOCHUKORATARAKAN (*Kaunntnad*) : (Turning to Mr. Kocheeppan Mappila) സാധനങ്ങൾക്കു വിലക്കുടിയിരുന്ന കാലത്തു് ഉദ്യോഗസ്ഥന്മാക്കു ശമ്പളം കുട്ടികൊടുത്തിരുന്നോ?

MR. K. I. KOCHEEPPAN MAPPILA (*Nominated*): സാധനങ്ങൾക്കു വിലക്കുടിയിരുന്നകാലത്തു് അവക്കു ഒരലവന്സു കൊടുത്തിരുന്നതിനെ ശമ്പളത്തോടുകൂടിചേത്തു സ്ഥിരപ്പെടുത്തിയിട്ടുണ്ടു്.

MR. K. KUNJUKRISHNA PILLAI (*Quilon*): On a point of order, Sir. Is there not a rule that members should put their questions through the Chair?

PRESIDENT: The question is being put through the Chair, in the pre sent instance also.

MR. K. I. KOCHEEPPAN MAPPILA (*Nominated*) : ഈ കാരണങ്ങൾകൊണ്ടും ഗവണ്മെൻറിൽനിന്നും തന്നിട്ടുള്ള മറുപടികൊണ്ടും ശമ്പളം കുറവു ചെയ്യുന്നതിൽ ന്യായമുണ്ടെന്നാണു് ഞാൻ വിചാരിക്കുന്നതു്.

കമ്മിറിയുടെ റിപ്പോർട്ടു് ഞാൻ വായിച്ചുനോക്കി. അതിൽ ചിട്ടിയെ സംബന്ധിച്ചു് യാതൊന്നും പറഞ്ഞുകാണുന്നില്ല. അതു ഗവണ്മെൻറിൽ നിന്നും വളരെ ശ്രദ്ധിക്കേണ്ട ഒരു കാര്യമാണു്. ആയിരം രൂപാ എനിക്കു നാളീകേരത്തിൽ നിന്നും വരുകിട്ടും എന്നു് ഒരു കണക്കു വച്ചുകൊണ്ടാണു് ഞാൻ ഒരു ചിട്ടിയിൽ ചേരുന്നതു്. ഇപ്പോൾ നാളീകേരം വിറ്റാൽ ഇരുന്നൂറിഅൻപതും ഇരുന്നൂറും നൂറിഅൻപതും വരെത്തന്നെയും അതിനു വിലകിട്ടുകയാണെങ്കിൽ ചിട്ടിമുടങ്ങുന്നതിനും തന്നിമിത്തം ചിട്ടിമുൻപൻ കേസുകൊടുത്തു് ഭൂമിയെ വിറ്റു കൊണ്ടുപോകുന്നതിനും ഇടയാകുന്നുണ്ടു്. ഇതിനു് ഗവണ്മെൻറിൽ നിന്നും ചെയ്യാനുള്ളതു് ചിട്ടിതല്പരാലം നിറുത്തിവയ്ക്കുക എന്നുള്ളതാണു്. അങ്ങിനെ പറയുമ്പോൾ സ്വാഭാവികമായി ചോദിക്കാറുള്ളതു് എത്രനാളത്തേക്കു് നിറുത്തിവയ്ക്കും എന്നാണു്. അതിനു ഞാൻ പറയുന്ന മറുപടി എങ്ങനെയെങ്കിലും ഒരു തീരുമാനം കണ്ടുപിടിക്കുന്നതു വരെ

LIBRARY ARCHIVES Kerala Legislative Assembly

[*Mr.* K. I. Kocheeppan Mappila.]

അല്ലെങ്കിൽ കുറഞ്ഞപക്ഷം ഇനി നിവൃത്തിയില്ലായെന്നു് വരുന്നതുവരെയെങ്കിലും വേണം. അതിനാൽ ചിട്ടികളുടെ ബാക്കിയുള്ള അവധികാലം നീട്ടിവയ്ക്കേണ്ടതു അത്യാവശ്യമാണു്.

കാലഹരണം മുതലായതുവന്നു പോകാമെങ്കിലും കുറെക്കാലത്തേക്കു് അതിനെമാറ്റി വയ്ക്കേണ്ടതാണു്.

ബാങ്കുകാരം നാട്ടിന്റെ ഐശ്വര്യത്തിനും വ്യവസായത്തിന്റെ അഭിവൃദ്ധിക്കും വളരെ ഉതകുന്ന ഒന്നാണു്. ബാങ്കുകളിൽ നിന്നുംപണം പുറത്തുപോയാൽ അതുതിരികെകിട്ടാതെ വന്നുചേരുന്നു. അതുകൊണ്ടു് പുതിയകടം കൊടുക്കുന്നതിനെക്കാൾ നല്ലതു് ബാങ്കുകാരുക്കു പണം കടം കൊടുത്തു് ആ ബാങ്കുകളെനിലനിർത്തുന്നതിനു ശ്രമം ചെയ്താൽ മതിയാകുന്നതാണു്. അല്ലെങ്കിൽതിരുവിതാംകൂറിലെ അനേകലക്ഷം ജനങ്ങളുടെ നിക്ഷേപിച്ചിരിക്കുന്നപണം എല്ലാം നശിച്ചുപോകുന്നതാണു്. അതിനാൽ ബാങ്കുകളെ സഹായിക്കണം.

MR. JOSEPH KUNJU (*Changanachery cum Peermade*): മെമ്പർ വല്ലബാങ്കിന്റെയും ഡയറക്ടരാണോ?

MR. K. I. KOCHEEPPAN MAPPILA (*Nominated*): അതെ. അതുകൊണ്ടാണു് എനിക്കു് അതിനെപ്പറ്റി കൂടുതൽ പരിജ്ഞാനമുള്ളതു്.

MR. M. P. MADHAVAN PILLAI (*Tiruvalla*): എത്രരൂപായ്ക്കുമേൽ ബാങ്കുകാരുക്കു പണം കടംകൊടുക്കണമെന്നാണു് മെമ്പറുടെ അഭിപ്രായം?

MR. K. I. KOCHEEPPAN MAPPILA (*Nominated*): അതിനെപ്പറ്റി പറയാം. വളരെവലിയ കൂടാതെയും ഗവണ്മെന്റു മുതലിനു് നഷ്ടം വരാതേയും ഇരിക്കത്തക്കവിധത്തിൽ ഉള്ള ഒരു മാർഗ്ഗം നിർദ്ദേശിക്കണം. അതിലേക്കു് അനുദ്യോഗസ്ഥ ഭൂരിപക്ഷമുള്ള ഒരു കമ്മിറ്റി ഏർപ്പെടുത്തി ഓരോ ബാങ്കുകളേയും പരിശോധിച്ചു വളരെ ഐകമത്യത്തോടും സാമർത്ഥ്യത്തോടും കൂടിനടത്തുന്നു എന്നും പൊതു ജനങ്ങൾക്കു് ബാങ്കിന്റെ നടത്തിപ്പുകാരിൽ നല്ലവിശ്വാസം ഉണ്ടെന്നും കാണുന്ന ബാങ്കുകാരുക്കു പണം കൊടുക്കണം. അതിന്റെ ഉത്തരവാദിത്വമെല്ലാം ആ ബാങ്കുതന്നെ വഹിക്കുകയുംവേണം.

MR. R. NILAKANTA PILLAI (*Financial Secretary to Government*): എത്രജാമ്യത്തിന്മേലാണു കൊടുക്കേണ്ടതു്? ആരം ജാമ്യത്തിന്മേലോ, വസ്തു ജാമ്യത്തിന്മേലൊ?

MR K. I. KOCHEEPPAN MAPPILA (*Nominated*): ആരം ജാമ്യത്തിന്മേലും ബാങ്കിന്റെ പൊതുസ്വത്തിന്റെ ജാമ്യത്തിന്മേലും കൊടുക്കാം.

LIBRARY ARCHIVES Kerala Legislative Assembly

MR. R. NILAKANTA PILLAI (*Financial Secretary to Government*): ബാങ്കിന്റെ പൊതുസ്വത്ത് ചാട്ടിക്കു ഈടുകൊടുത്തിട്ടുള്ളവയാണെങ്കിൽ എങ്ങനെ കൊടുക്കാം?

MR. K. I. KOCHEEPPAN MAPPILA (*Nominated*): പൊന്നുജാമ്യത്തിന്മേലും കൊടുക്കാം.

MR. R. NILAKANTA PILLAI (*Financial Secretary to Government*): അങ്ങനെ പണംകൊടുത്തതിനുശേഷം രണ്ടാമതൊരു ഈടുകൊടുക്കാൻ സാധിക്കാതെ വരുന്നു എങ്കിൽ ബാങ്കിന്റെമേൽ ഇൻസാഫ്വൻസികൊടുക്കാനിടവരുകയില്ലേ?

MR. K. I. KOCHEEPPAN MAPPILA (*Nominated*): അങ്ങനെ ഇടവരാത്തതായ ധാരാളം ബാങ്കുകളുണ്ട്.

MR. K. KUNJUKRISHNA PILLAI (*Quilon*): കൊവാപ്പറെറീവു് ഇൻസ്റ്റിറ്റൂഷൻ മുഖേന പണം വിതരണം ചെയ്യുന്നതായാലെന്താണു് തരക്കേടു്?

MR. K. I. KOCHEEPPAN MAPPILA (*Nominated*): അതുകൊണ്ടു ബാങ്കുകാർക്കു സഹായം കിട്ടുകയില്ലല്ലൊ.

MR. K. KUNJUKRISHNA PILLAI (*Quilon*): പണം കിട്ടണമെന്നുള്ളതാണോ ബാങ്കുകളെ സഹായിക്കണമെന്നുള്ളതാണോ അത്യാവശ്യം?

MR. K. I. KOCHEEPPAN MAPPILA (*Nominated*): പൊതുസ്ഥാപനങ്ങളെ സഹായിക്കണമെന്നുള്ളതാണത്യാവശ്യം.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): ബാങ്കുകാർ കുറഞ്ഞനിരക്കിൽ പണം കടംകൊടുത്തില്ലങ്കിൽ വിദേശികാർക്കു കൊടുക്കുന്നതുകൊണ്ടു വിരോധമുണ്ടോ?

MR. K. I. KOCHEEPPAN MAPPILA (*Nominated*): ഉണ്ടു്.

MR. R. S. SUBRAHMANYA PILLAI (*Kalkulam* cum *Vilavankode*): ബാങ്കിനു കടം കൊടുക്കുന്നതുകൊണ്ടു് പൊതുജനങ്ങൾക്കുപകാരമുണ്ടാകുമോ?

MR. K. I. KOCHEEPPAN MAPPILA (*Nominated*): ഉണ്ടാകും.

വ്യവസായത്തെ പുനഃജ്ജീവിപ്പിക്കുന്നതിനു ബാങ്കിൽ പണമുണ്ടായിരുന്നാൽ സാധിക്കുന്നതാണു്. അതുകൊണ്ടു് അതു പലപ്രകാരത്തിലുമത്യാവശ്യമായിട്ടുള്ളതാണു്.

കുട്ടികളുടെ ഫീസു കുറക്കുന്നകാര്യത്തിൽ എന്തെങ്കിലും ഏർപ്പാടു ചെയ്യാത്തതു് വളരെ സങ്കടമാണു്. തിരുവിതാംകൂറിലെ ഭാവിപൗരന്മാരായി വരേണ്ടവരാണു് ഈ വിദ്യാർത്ഥികൾ. അവരൊത്തൊരുമിച്ചു

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. I. Kocheeppan Mappily.]

അനേകം സ്കൂളുകളിൽനിന്നും എഴുതിയിട്ടുള്ള അപേ ക്ഷകൾ എഴുതുകയും തന്നെ എന്റെ ഈ മേശപ്പുറത്തിപ്പോളിരിക്കുന്നുണ്ട്. ഫീസ് കൊടു ക്കാത്തതിനാൽ കുട്ടികളെ ഒക്കെ ഇറക്കിവിടുന്നു. മാനേജരന്മാർ ഫൈ ൻചെയ്യുന്നു. അതുകൊണ്ടു ഫീസിൽ എന്തെങ്കിലും കുറവുവരുത്തണം. അതു് അദ്ധ്യാപകന്മാരുടെ ശമ്പളത്തിൽ എത്രത്തോളം കുറക്കുന്നുവോ അതനുസരിച്ചുഫീസും കുറച്ചാൽ മതി.

MR. R. NILAKANTA PILLAI (*Financial Secretary to Government*): സർക്കാർ പള്ളിക്കൂടങ്ങളിൽമാത്രം കുറച്ചാൽ മതിയോ?

MR. K. I. KOCHEEPPAN MAPPILA (*Nominated*): അതു പോരാ. മാ നേജ്മെൻറ് സ്കൂളുകളിലും കുറയ്ക്കണം. അദ്ധ്യാപകന്മാരിൽ ഇരുപ തഞ്ചു ശതമാനം കുറച്ചാൽ അതുപോലെ ശതമാനം ഫീസും കുറയ്ക്കണം. മലയാളം പള്ളിക്കൂടങ്ങളിലെ താഴ്ന്നതരം അദ്ധ്യാപകന്മാരുടെ ശ മ്പളം കുറച്ചുകൂടാ. എന്തെന്നാൽ അവർ മുമ്പേതന്നെ കുറവുകൾ അനുഭ വിച്ചു കൊണ്ടിരുന്നവരാണു്.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*: പള്ളിക്കൂടങ്ങളിലുള്ള ഉദ്യോഗസ്ഥന്മാരെക്കുറയ്ക്കുന്നതുപോലെ മറ്റുദ്യോ ഗസ്ഥന്മാരേയും കുറയ്ക്കുമോ?

MR. K. I. KOCHEEPPAN MAPPILA (*Nominated*): ഞാനതിനോടു പ രിപൂർണ്ണമായി യോജിക്കുന്നുണ്ടു്.

ഒരു രൂപാക്കു നാലുപറനെല്ലു ഇപ്പോൾ കിട്ടുന്നു. ആ വിധത്തിൽ അളന്നു കൊടുക്കുന്ന മെമ്പറന്മാർ ഇവിടെയുണ്ടു്. എന്നാൽ ഗവണ്മെൻറ് അതിലിടപെടുമ്പോൾ ഒരു പറ നെല്ലിനു പതിനെട്ടു ചക്രം കൊടുക്കേ ണ്ടിയിരിക്കുന്നു. അതെങ്ങിനെയെന്നു മനസ്സിലാകുന്നില്ല. ജനങ്ങൾ ത മ്മിലുള്ള ഏർപ്പാടിൽ ഒരു രൂപായ്ക്കു മൂന്നും നാലും പറ നെല്ലു കിട്ടുന്നു ണ്ടു്. ഈ സ്ഥിതിയിൽ ജനങ്ങളുടെ യഥാർത്ഥ രക്ഷകത്താവെന്നു പറയുന്ന ഗവണ്മെൻറ് ഒരു പറനെല്ലിനു പതിനെട്ടു ചക്രംനിശ്ചയി ച്ചിരിക്കുന്നതിന്റെ ഉദ്ദേശം മനസ്സിലാക്കാനശ്ലേഷം നിവൃത്തിയില്ല. ജനങ്ങൾക്കു സഹിക്കാൻ പാടില്ലാത്ത ചട്ടം ഏർപ്പെടുത്തീട്ടുണ്ടെങ്കിൽ ഗവണ്മെൻറിന്റെ നേരെ പൊതുജനങ്ങൾക്കു വിശ്വാസമില്ലായ്മ യുണ്ടാകുന്നതിനും കഠിനമായ മനസ്ഥിതിയോടുകൂടി പ്രവർത്തിക്കുന്ന ഒരു ഗവണ്മെൻറാണെന്നു വന്നു ചേരുന്നതിനും ഇടയാകുന്നതാണു്. അ ങ്ങിനേയായാൽ ഈ രാജ്യത്തിനു് കാലാന്തരത്തിൽ വളരെ ദോഷം ഉ ണ്ടാകുമെന്നു പറയുന്നതു് അധികമായിപ്പോകുകയില്ലയെന്നാണെന്റെ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

ഈ ആണ്ടത്തെ ബഡ്ജറ്റ് കാലാന്തരക്കുലമായിട്ടുണ്ടെങ്കിലും ചിലതാ ഗത്തു ചില ക്രമക്കേടുകൾ കൂടി ഇല്ലയോ എന്നു ഞാൻ സംശയിക്കുന്നു. എന്തെങ്കിലും ബജറ്റിമുട്ടുകൾ ഉണ്ടാകുമ്പോൾ ജനങ്ങൾക്കു് അത്യാവശ്യമായ ചിലവുകളെ, അത്യന്തം കൃഷി, ശ്രുചീകരണം, പരസ്പരസഹായം മുതലായ പരിപോഷണവകുപ്പുകളെ കുറച്ചു ബഡ്ജറ്റ് ഉണ്ടാക്കുന്നതു അഭിലഷണീയമല്ല.

MR. R. NILAKANTA PILLAI (*Financial Secretary to Government*): ശ്രുചീകരണ വിഷയത്തിൽ കുറച്ചിട്ടുണ്ടോ?

MR. K. I. KOCHEEPPAN MAPPILA (*Nominated*): അവയെ ഉദാഹരണമായി പറഞ്ഞു എന്നെയുള്ളൂ. ഈ രീതി ആശാസ്യമാണെന്നു തോന്നുന്നില്ല. ഫാമിൽ ഒരു ക്ഷാമം ഉണ്ടായി. ശങ്കരസുബ്ബയ്യർജി വാൻജി അവർകൾ ആ കാലത്തു ക്ഷാമനിവാരണത്തിനു് പലതും ചെയ്തു. ഈകാലം പൊതുക്കായ്ങ്ങൾ നടത്തുന്നതിനു പറ്റിയ ഒരു കാലമാണു്. അങ്ങിനെയുള്ള ക്ഷാമകാലത്തു് രാജ്യത്തിൽ ഒട്ടു വളരെ കായ്ങ്ങൾ നടത്തി ജനങ്ങളെ ദാരിദ്ര്യത്തിൽ നിന്നും വിടുർത്തേണ്ടതാണു്. ഈ കായ്ങ്ങൾ ബഡ്ജറ്റിൽ വിസ്മരിച്ചുപോയി.

PRESIDENT: The House will remember that I said, the other day that it would be advantageous if the non-official members would finish their remarks by 2 o'clock to-day so as to give the official members time to reply. I am not strictly following that procedure, because I find there are a few more members on the non-official side who wish to speak on the Budget. I would only request them to make their remarks as brief as possible, so that there may be some time left for the official members for their replies.

MR. N. JOHN JOSEPH (*Nominated*): കാരുണ്യമേറിയ ഗവണ്മെൻറു ഈ നിയമസഭയിൽ അധഃകൃതരുടെ പ്രതിനിധിയായി എന്നെ നിയമിച്ചതിനു എനിക്കും അധഃകൃതസമുദായത്തിനു അകമാനവും ഉള്ള കൃതജ്ഞതയെ ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

സാമ്പത്തികാധഃപതനക്കമ്മിറ്റിയുടെ റിപ്പോർട്ടുകൂടി വരുത്തിയശേഷം അതിലുള്ള ഏതാനും നിർദ്ദേശങ്ങൾകൂടിക്കൂട്ടിച്ചേർത്തു് ബഡ്ജറ്റു ശ്രുചീകരിച്ചിരുന്നെങ്കിൽ കൂടുതൽ ആശ്വാസം ഉണ്ടാകുമായിരുന്നു എന്നാണു് എനിക്കു അത്യന്തമായി പറയാനുള്ളതു്. ഇന്നത്തെ ചോല്യം അനുകൂലകായ്ങ്ങളിലും ഏർപ്പെട്ട പണം സമ്പാദിക്കണമെന്നുള്ളതല്ല; ഉപജീവനമാർഗ്ഗത്തിനുള്ള ചിന്തമാത്രമാണു്. അധഃകൃതരുടെ കായ്ത്തിനു എന്തെങ്കിലും നിവാരണമാർഗ്ഗം നിർദ്ദേശിച്ചു് ഇതിൽ ചില ഭേദങ്ങൾ വരുത്തേണ്ടതു് ആവശ്യമായിരുന്നു. അതിനും പുറമേ ഗവ

LIBRARY ARCHIVES Kerala Legislative Assembly

[Mr. N. John Joseph.]

ണ്മെൻറിന്റെ സ്വന്തനിലയിൽ സാമ്പത്തികാധഃപതനത്തിനു വേണ്ട മാർഗ്ഗം നിർദ്ദേശിച്ചു പ്രവർത്തിക്കാമായിരുന്നു. അതും ഗവണ്മെൻറിൽ നിന്നു ചെയ്യുകാണുന്നില്ല. അധഃകൃതർക്കു ഉപജീവനമാർഗ്ഗത്തിനുള്ള ക്രുഡിവേലപോലും കിട്ടുന്നതിനു ഇപ്പോൾ പ്രയാസം നേരിട്ടിരിക്കുന്നു എന്നു ഗവണ്മെൻറു നല്ലവണ്ണം ധരിക്കണം. എന്നാൽ ഈ അവസരത്തിൽ കൊപ്ര, നാളികേരം, വെളിച്ചെണ്ണ, കയർ എന്നീ സാധനങ്ങളുടെ താരിപ്പു വില കുറവു ചെയ്തിരിക്കുന്നു എന്നു കാണുന്നതിൽ ഗവണ്മെൻറിനെ അനുമോദിക്കേണ്ടിയിരിക്കുന്നു. എന്നാൽ ഇത്രത്തോളമുള്ള കുറവു് ക്ഷാമനിവാരണത്തിനു പര്യാപ്തമാണോ എന്നാലോചിക്കുമ്പോൾ ഒട്ടും തന്നെ അഭിമാനകരമായിട്ടു തോന്നുന്നില്ല. അതുകൊണ്ടു തെങ്ങാ മുതലായ സർവ്വസാധനങ്ങളുടേയും മറു ഉല്പന്നങ്ങളുടേയും കയറുമതി ചുങ്കം കുറച്ചു കൊടുക്കണമെന്നാണു് എന്റെ അഭിപ്രായം. ഇങ്ങനെയുള്ള സാധനങ്ങൾക്കു വില കൂടിയാലെ ക്രുലിവേല കൊണ്ടെങ്കിലും ഉപജീവനം കഴിക്കുന്നതിനു മാർഗ്ഗമുണ്ടാവുകയുള്ളൂ. സാമ്പത്തികാധഃപതനം കൊണ്ടു കഷ്ടപ്പെടുന്നതു് അധഃകൃതരും തൊഴിലാളികളുമാണെന്നു ഗവണ്മെൻറു ബോധിക്കണം. പൊതുമരാമത്തുനത്തിലുള്ള ബഡ്ജറിന്റെ തുകയിൽ പകുതിയിൽ ക്രുടുതൽ കുറച്ചിരിക്കുന്നതായും പുതുതായിട്ടുള്ള മരാമത്തു വേലകൾ ഇനി ചെയ്യാൻ പോകുന്നില്ലെന്നും ഇവിടെ കാണുന്നുണ്ടു്. ഈയ്യാണ്ടിൽ അതിനുള്ള ചിലവിൽ നിന്നു നാലുലക്ഷം രൂപാ കുറച്ചിരിക്കുന്നതു വാസ്തവത്തിൽ ക്രുലിവേലക്കാരായ അധഃകൃതർക്കു വലിയ ഭീതികരമാണു്. സാമ്പത്തികാധഃപതനവും ക്ഷാമവും നിമിത്തം തൊഴിലില്ലാതെ വരുമ്പോൾ ഗവണ്മെൻറിനു തൊഴിലുണ്ടാക്കി കൊടുക്കാനുള്ള ചുമതല ഉണ്ടെന്നു ഞാൻ ബോധിപ്പിച്ചുകൊള്ളുന്നു. ഇങ്ങനെയാണു് പരിഷ്കൃത ഗവണ്മെൻറുകൾ കാണിക്കുന്നനയം. ബ്രിട്ടീഷിൻഡ്യയിൽ ജലസേചനപദ്ധതി ക്ഷാമമുണ്ടാകുന്ന സന്ദർഭങ്ങളിലാണു് സാധാരണ ചെയ്തുവരുന്നതെന്നു അറിയുന്നുണ്ടു്. ക്ഷാമം വർദ്ധിക്കുന്ന അവസരങ്ങളിൽ പ്രത്യേകിച്ചു തൊഴിലില്ലാത്ത ജനങ്ങൾക്കു ധനസഹായംചെയ്തു് ഇംഗ്ലണ്ടിൽ അവരെ സംരക്ഷിച്ചുവരുന്നുണ്ടു്. അതുകൊണ്ടു് ഈ ബഡ്ജറു രൂപീകരണത്തിൽ ഇങ്ങനെയുള്ള പരിഷ്കൃതാശയങ്ങളനുസരിച്ചു് പരിഹാരമാർഗ്ഗം കാണിക്കാതിരിക്കുന്നതു അധഃകൃതരുടെ നേർക്കുള്ള ഗവണ്മെൻറിന്റെ അനുകമ്പക്കുറവാണെന്നു് തീർത്തു പറയുന്നില്ലെങ്കിലും ഗവണ്മെൻറു് ആ വിഷയത്തിൽ എന്തെങ്കിലും പ്രവൃത്തിക്കുമെന്നു വിശ്വസിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഈ ബഡ്ജറിൽ വരവു ചിലവുകളെ തുലനം ചെയ്തിരിക്കുന്നതിനാൽ ഫിനാൻഷ്യൽ സിക്രട്ടറിയെ അനുമോദിക്കേണ്ടതാണ്. മരാമത്തിനങ്ങളിൽ നല്ല സംഖ്യ ചിലവാക്കണം.

മലയാളം സ്കൂളദ്ധ്യാപകന്മാർ അവരുടെ ശമ്പളക്കാര്യത്തിൽ സങ്കടപ്പെടുന്നതു് വ്യസനകരമാണു്.

MR. R. NILAKANTA PILLAI (*Financial Secretary to Government*): അവക്കു് യാതൊരു വിധത്തിലുള്ള സങ്കടവും ഉണ്ടായിട്ടില്ല. മെംബർ തെറ്റി മനസ്സിലാക്കിയായിരിക്കും ഇപ്രകാരം പറയുന്നതു്.

MR. N. JOHN JOSEPH (*Nominated*): ഞാൻ പറഞ്ഞതു തെറ്റിപ്പോയെങ്കിൽ അതിനു് ക്ഷമായാചനം ചെയ്തുകൊള്ളുന്നു.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): ഗ്രാൻറുസ്കൂളുകളിലെ അദ്ധ്യാപകന്മാക്കു് ശമ്പളം ഇതുവരെ കൊടുത്തുതീർത്തിട്ടില്ലെന്നറിയാമോ?

MR. N. JOHN JOSEPH (*Nominated*): അതിനെപ്പറ്റി എനിക്കു നല്ലവണ്ണം അറിഞ്ഞുകൂടാ. അതിനാൽ ഗവണ്മെൻറു ഭാഗത്തുനിന്നും പറഞ്ഞതിനെ ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. അഥവാ വല്ലതും ഉണ്ടെങ്കിൽ അതിനെ ഇതിനിടക്കു നടപ്പിൽ വരുത്തുമെന്നാശിക്കയും ചെയ്യുന്നു.

ധാരാളം പണംകിട്ടാൻ മാർഗ്ഗമുള്ളതു് ഉദ്യോഗമുള്ളവക്കാണു്. സാധനങ്ങൾക്കു വില വർദ്ധിച്ചിരിക്കുന്ന അവസരത്തിൽ ശമ്പളം കുറയ്ക്കണമെന്നു പറയുന്നു എങ്കിൽ അതു ന്യായമായിരിക്കയില്ല. എന്നാൽ സാധനങ്ങൾക്കു ഇപ്പോൾ വില വളരെക്കുറവായിരിക്കുന്ന സ്ഥിതിക്കു് ധാരാളം പണം വരവുള്ള ഒരാൾക്കു് അല്പം കുറച്ചുകൊടുക്കണമെന്നു പറഞ്ഞാൽ അതിനു് അവക്കു വൈമനസ്യം കാണുന്നതല്ല. ആ വിധത്തിൽ അധികൃതരുടെ ദാരിദ്ര്യത്തിനു ശമനവും ഉണ്ടാകും. ആകപ്പാടെയുള്ള ദാരിദ്ര്യത്തിനു് പരിഹാരവുമുണ്ടാക്കാം. എന്നാൽ ഓരോ ഡിപ്പാർട്ടുമെൻറിലേയും ചിലവു കുറയ്ക്കുന്നകാര്യത്തിൽ ഫിനാൻഷ്യൽസിക്രട്ടറി അവർകൾക്കു് അതു സ്വാധീന ബലമുണ്ടെന്നു തോന്നുന്നില്ല. ഡിപ്പാർട്ടുമെൻറുമേലദ്ധ്യക്ഷന്മാരാവശ്യപ്പെടുന്ന തുക ബഡ്ജറിൽ ചേർക്കണമെന്നുള്ളതു് നിർബന്ധമാണെന്നാണു് തോന്നുന്നതു്. ഫിനാൻസ് കമ്മിറ്റിയിൽനിന്നും ഇതിലേക്കു് ഒട്ടുംതന്നെ മിച്ചംവയ്ക്കാൻ സാധിയ്ക്കയില്ല. അതുകൊണ്ടു് പൊതുജനങ്ങളുടെ രാഷ്ട്രീയവും സാമുദായികവും സാമ്പത്തികവും ആയ പുരോഗമനത്തെ ആസ്പദമാക്കി പ്രവൃത്തിക്കുന്നതിനു് യാതൊന്നും ബഡ്ജറിൽ കൂടുതലായി കാണുന്നില്ലായെന്നു് വ്യസനസമേതം

LIBRARY ARCHIVES Kerala Legislative Assembly

[Mr- N. John Joseph.]

പറഞ്ഞുകൊള്ളുന്നു. എന്റെ വയറിന്റെ വലിപ്പംകൊണ്ടാണു് ഞാ നിതു പറയുന്നതു്. സാധുക്കളുടെ നില അങ്ങേഅറത്തെ സ്ഥിതിയി ലിരിക്കുന്നതുകൊണ്ടു് അതിനെയോക്കുമ്പോൾ ഇവയൊക്കെ ഗവണ്മെ ന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാതിരിക്കുന്നയെങ്കിൽ ഞാൻ ഒരപരാ ധിയാകുകയില്ലേയെന്നുദ്ദേശിച്ചാണു് ഗവണ്മെൻറിനോടു് ഈ സംഗതി കാര്യം ഉൽബോധിപ്പിക്കുന്നതു്.

മദ്യവർജ്ജനപ്രക്ഷോഭണംകൊണ്ടു് മദ്യത്തിൽനിന്നുള്ള ആദായം കുറഞ്ഞുഎന്നും അടുത്തയാണ്ടിലും കുറയുമെന്നും കാണുന്നു. എന്നാൽ മദ്യവർജ്ജനപ്രക്ഷോഭണം ഒന്നുകൊണ്ടുമാത്രമല്ല അതിൽനിന്നുള്ള ആദാ യം കുറഞ്ഞിട്ടുള്ളതു്. ജനങ്ങളുടെ ദാരിദ്ര്യമാണു് ഈ കുറവിനുണ്ടായ പ്ര ധാനകാരണം. ഒരു മനുഷ്യനത്യാവശ്യമായ ആഹാരത്തിനുപോലും വ കയില്ലാതെ കഷ്ടപ്പെടുമ്പോൾ ഗവണ്മെൻറിൽനിന്നുതന്നെ ചാരായമു ണ്ടാക്കി അതു് സർവ്വസ്ഥലങ്ങളിലും പ്രചരിക്കുന്നതിനു് തക്ക കൺട്രാക്ട ന്മാരേയും ഷാപ്പുകളേയും ഏർപ്പെടുത്തി കള്ളു വില്ക്കുന്നതിനുള്ള സകല പ്രോത്സാഹനങ്ങളും ചെയ്തുവരുന്നതു് ക്ഷന്തവ്യമല്ലാത്തതാണെന്നു് ഈ സാമ്പത്തികാധഃപതനംകൊണ്ടു കഷ്ടപ്പെട്ടിരിക്കുന്ന ജനതതിയുടെ പ്രതിനിധിയായ ഞാൻ പറയേണ്ടിവന്നതിൽ എനിക്കു സാമാന്യമായ സങ്കടമുണ്ടു്. അതുകൊണ്ടു് ജനങ്ങളെ നശിപ്പിക്കുന്ന ഈ ഏർപ്പാടി നെ തീരെയില്ലാതെയാക്കണം.

അധഃകൃതസംരക്ഷണത്തിനു് ഉള്ള പദ്ധതികളൊന്നും ചെയ്തിട്ടില്ല. മേലാലെങ്കിലും വല്ലതും ചെയ്യും എന്നാശിക്കുന്നതിനു് തക്ക യാതൊരുനി ർദ്ദേശങ്ങളും ബഡ്ജറിൽ കാണുന്നുമില്ല. അധഃകൃതക്കു ചുരുക്കിപ്പറയുന്ന തായാൽ രണ്ടുകാര്യങ്ങളാണു് അത്യാവശ്യമായിരിക്കുന്നതു്. അതിലൊ ന്നു് ഇതരസമുദായക്കാരെപ്പോലുള്ള പൌരസമത്വം അനുവദിക്കുക. ര ണ്ടാമതു് ഇതരസമുദായക്കാക്കു കൊടുത്തിട്ടുള്ള സഹായങ്ങളും സൌജന്യ ങ്ങളും അധഃകൃതക്കും കൊടുക്കുക. ഒന്നാമത്തേക്കാര്യത്തിൽ ഇപ്പോഴും ഞ ങ്ങൾക്കു വഴിനടക്കാൻക്കൂടി നിവൃത്തിയില്ല. തിരുവനന്തപുരം പട്ടണ ത്തിൽ പല സ്ഥലങ്ങളിലും നടക്കാമെങ്കിലും മറ്റു പല സ്ഥലങ്ങളിലും നടക്കാൻപാടില്ലാത്ത വിധത്തിൽ പ്രതിബന്ധമായിരിക്കുന്നു. പബ്ലി ക്കുറോഡിൽക്കൂടിയും സൌകര്യമായി നടക്കാൻപാടില്ല ഗവണ്മെൻറിൽ നിന്നുതന്നെ തീണ്ടൽ ജാതിക്കാരെ ചില റോഡുകളിൽനിന്നുമൊഴിച്ചു തടയുന്നുണ്ടു്. തീണ്ടൽ ജാതിക്കാരെ പരിരക്ഷിക്കേണ്ട ഗവണ്മെൻറു

LIBRARY ARCHIVES Kerala Legislative Assembly

തന്നെ ഈ അഭിമാനക്ഷയത്തെ പരിഹരിക്കേണ്ടത്. അത് ഗവണ്മെന്റിന്റെകടമയാണ്. കേവലം നീതിന്യായബോധത്തെനോക്കി ഈ അസമത്വത്തെ മേലാലെങ്കിലും പരിപാലിച്ചുകൊണ്ടുപോകുകയില്ലെന്നു വിശ്വസിക്കുന്നു.

നാട്ടിൻപുറങ്ങളിലുള്ള പല ആശുപത്രികളിലും ഈ വഴ്ത്തിൽപെട്ട ഒരു രോഗിയെ ചികിത്സിക്കാൻ കൊണ്ടുപോകുന്നു എങ്കിൽ അവിടെനിന്നും വേണ്ടവിധത്തിലുള്ള സഹായങ്ങൾ കിട്ടുന്നില്ലായെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. ഈയ്യാണ്ടിൽ മരുന്നുകൾ വാങ്ങുന്നതിനുള്ള തുകയിൽനിന്നും നാല്പതിനായിരം രൂപാ കുറച്ചിരിക്കുന്നു. എല്ലാവർക്കും കൊടുത്തതിൽപിന്നീടാണല്ലോ അധികൃതർക്കു കൊടുക്കുന്നത്. ഈ അവസരത്തിൽ അധികൃതർ മരുന്നുവാങ്ങാൻപോകുമ്പോൾ, മരുന്നുകൾക്കുള്ള തുകയിൽനിന്നും നാല്പതിനായിരം രൂപാ ഈയ്യാണ്ടിൽ കുറച്ചിരിക്കുന്നു, അതു നിങ്ങളുടെപങ്കിൽ ചേർന്നതാണ്, അതുകൊണ്ടു മരുന്നില്ല എന്നു ഡാക്ടർമാർ പറയുകയില്ലേ എന്നു സംശയമുണ്ട്. അപ്രകാരം വരാതെ അവർക്കു വേണ്ട സുഖസൌകര്യങ്ങൾ ചെയ്തുകൊടുക്കണം.

ചില പള്ളിക്കൂടങ്ങളിൽ അധികൃതകുട്ടികൾക്കുമാത്രമല്ലാ അദ്ധ്യാപകന്മാർക്കും ക്ലാസ് പ്രവേശനം കൊടുക്കുന്നില്ല. ആ നയത്തോട് അതിന്റെ മേലുദ്യോഗസ്ഥന്മാരും സന്ദർഭായത്തിൽ അനുകൂലിച്ചുപോകുന്നുണ്ട്. ഈ വിഷയത്തെ ഗവണ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതു് എന്റെ കടമയാണ്. അതിനാൽ ഈ വിഷമത്തെയും മാറ്റിത്തരേണ്ടതാണ്. ഇതിനുംപുറമെ അഞ്ചലാഫീസ്, രജിസ്റ്റർകച്ചേരി, പകുതിക്കച്ചേരി, ഈ സ്ഥലങ്ങളിലും അസമത്വം അനുഭവിക്കുന്നുണ്ട്. ഇതൊക്കെ പരിഹരിക്കുന്നതിന് ഗവണ്മെൻറ് പ്രത്യേകം ശ്രദ്ധപതിപ്പിക്കണം.

രണ്ടാമതു പറയാനുള്ളതു് ഇതരസമുദായങ്ങൾക്കൊപ്പംഎത്തുന്നതുവരെ ഗവണ്മെൻറ് എല്ലാവിധത്തിലുള്ള സഹായങ്ങളും ഞങ്ങൾക്കു ചെയ്തുതരണമെന്നാണ്. എല്ലാ വിദ്യാലയങ്ങളിലും പഠിക്കുന്നതിനു ഞങ്ങൾക്കു പ്രത്യേകമായി ഫീസ്സൌജന്യം ചെയ്തിരിക്കുന്ന ഗവണ്മെൻറിനെ ഞാൻ അനുമോദിച്ചുകൊള്ളുന്നു. എന്നാൽ കാളേജുവിദ്യാഭ്യാസത്തിനു ഞങ്ങൾക്കു ഫീസ് സൌജന്യം ചെയ്തുതന്നിട്ടില്ല. ആ സൌജന്യംകൂടാതെ കാളേജുവിദ്യാഭ്യാസത്തിനു ഞങ്ങൾക്കു യാതൊരു നിവൃത്തിയുമില്ല. അതുകൊണ്ട് എല്ലാകാളേജുകളിലും ഫീസ് ഇളവുചെയ്തുകിട്ടണം. രോഗസംരക്ഷണം, പുസ്തകസഹായം, ഹോസ്റ്റലിൽ സൌജന്യമായ താമസം

LIBRARY ARCHIVES Kerala Legislative Assembly

[Mr. N. John Joseph.]

എന്നിങ്ങനെയുള്ള സഹായസൌകര്യങ്ങളും ചെയ്തുതരണം. എന്നാൽ എല്ലാസംഗതിയിലും ഇങ്ങനെ സൌജന്യം ചെയ്യണം, സൌജന്യംചെയ്യണമെന്നുകേൾക്കുമ്പോൾ ഗവണ്മെൻറിന് അതിൽ ഒരു വിരക്തി തോന്നിയേക്കാം. എന്നാൽ അങ്ങിനെയുള്ള സൌജന്യങ്ങൾ വാങ്ങിക്കുന്നതിനുള്ള സ്ഥാനമുള്ളത് ഗവണ്മെൻറുതന്നെ ഞങ്ങളെ കൊണ്ടാക്കിയതുകൊണ്ടാണ് ഞങ്ങളിപ്രകാരം ചോദിക്കുന്നതു്. ഞങ്ങളുടെ അവകാശങ്ങളെ അവഗണിച്ചു് ഞങ്ങളോടു പ്രവൃത്തിച്ചതുകൊണ്ടാണു് ഞങ്ങൾ ഈ സൌജന്യം ചോദിക്കുന്നതു്. അതുകൊണ്ടു് ഗവണ്മെൻറിന് നഷ്ടം വന്നുപോകുമെന്നു് ഒരിക്കലും ധരിക്കാൻ പാടില്ലാത്തതാണു്. ഗവണ്മെൻറു് അങ്ങനെ ചെയ്യുന്നപക്ഷം തീർച്ചയായിട്ടും അധഃകൃതക്കു പൌരബോധം കൂടുതലുണ്ടാവുകയും തന്നിമിത്തം രാജ്യത്തിനു കൂടുതൽ ക്ഷേമമുണ്ടാവുകയും ചെയ്യും. ഇങ്ങനെയുള്ള അനുകൂലങ്ങൾചെയ്തു് ഈ നാട്ടിലെ ഉത്തമസന്താനങ്ങളായ അധഃകൃതരെ മുന്നോട്ടുവരുത്തുകയാണെങ്കിൽ അതുപോലെ ഇതരരാജ്യക്കാർ പ്രവൃത്തിക്കുന്നതിനും തന്നിമിത്തം അധഃകൃതക്കു് ആകമാനം ഒരു പ്രോത്സാഹനം കിട്ടുന്നതിനും ഇടയാകുന്നതാണു്. അപ്രകാരം ചെയ്യുന്നതിൽ രാജകുടുംബത്തേയും ഗവണ്മെൻറിനേയും അഭിനന്ദിക്കുകടി ചെയ്യുന്നതാണു്. ഓരോരുത്തരുടേയും ആഗ്രഹം അനുസരിച്ചു് അവർക്കു വിദ്യാഭ്യാസംചെയ്യുന്നതിനുള്ള സകല സൌകര്യങ്ങളും ചെയ്തുകൊടുക്കേണ്ടതു് ഗവണ്മെൻറിൻെറ കടമയാണെന്നു് ഞാൻ പ്രത്യേകം ഉൽബോധിപ്പിച്ചുകൊള്ളുന്നു.

ഞങ്ങൾ കൃഷിക്കാരായതുകൊണ്ടു് കാർഷികവിദ്യാലയങ്ങൾ കൂടുതലായി സ്ഥാപിച്ചു് ഞങ്ങളുടെ കുട്ടികളെ ചേർത്തു പഠിപ്പിക്കണം. അധഃകൃതക്കു കൃഷിവിഷയത്തിൽ ജന്മനാ തന്നെ ഒരു വാസനയുണ്ടു്. പരിഷ്കൃതരീതിയിൽ ഉള്ള കൃഷിനടത്തുന്നതിനു വേണ്ടവിധത്തിൽ പഠിച്ചശേഷം കൃഷിചെയ്യുന്നതായാലും അധഃകൃതർ കൃഷിചെയ്യുന്നതുപോലെ വിളവുകിട്ടുകയില്ലായെന്നുള്ളതു് ഒരു പരമാർത്ഥമായ സംഗതിയാണു്. പരിഷ്കൃതമായ യാതൊരഭ്യാസവുംകൂടാതെയാണെങ്കിലും അധഃകൃതർ അവരുടെ വാസനാബലംകൊണ്ടു് കൃഷിനടത്തുന്നതിൽ ഒരു വിത്തിന് കൂറഞ്ഞതു് നൂറെങ്കിലും കൂടുതൽ കിട്ടുന്നുണ്ടു്. ആ സ്ഥിതിക്കു് അവർക്കു് പരിഷ്കൃതരീതിയിലുള്ള പരിശീലനംകൂടി കൊടുക്കുന്നതായാൽ കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനും തന്നിമിത്തം രാജ്യത്തിൽ ക്ഷേമമുണ്ടാകുന്നതിനും കാരണമാകുന്നതാണു്. അതിനുംപുറമെ അധഃകൃതക്കു് ഉന്നമനവുമുണ്ടാകും.

LIBRARY ARCHIVES Kerala Legislative Assembly

ഉദ്യോഗദാനവിഷയത്തെ സംബന്ധിച്ച് എന്റെ മാന്യസ്നേഹിതൻ മി. കൊച്ചീപ്പൻമാപ്പിളയും മി. കുഞ്ഞിത്തൊമ്മനും പ്രസ്താവിക്കയുണ്ടായി. വർഗ്ഗീയപക്ഷപാതം വച്ചുകൊണ്ടുള്ള നിയമനം ഒരിക്കലുമാശാസ്യമായിട്ടുള്ളതല്ല. അതിനാൽ അധഃകൃതവർഗ്ഗത്തിൽപെട്ടവരുടെ അപേക്ഷകൾക്ക് പ്രാഥമ്യംകൊടുത്തു അവർക്ക് ഇതരന്മാരെപ്പോലെ ഉദ്യോഗങ്ങൾ കിട്ടത്തക്കവണ്ണം ആക്കിത്തീർക്കണമെന്ന് ഉൽബോധിപ്പിച്ചുകൊള്ളുന്നു. അതുപോലെ ഓരോ ഡിപ്പാർട്ടുമെൻറുകളേയും എടുത്തുപറഞ്ഞു് മേലദ്ധ്യക്ഷന്മാരെ മനഃസ്ഥാപപ്പെടുത്തണമെന്ന് ഞാൻ വിചാരിക്കുന്നില്ല. അതു ഗവണ്മെൻറുതന്നെയറിയേണ്ടതാണ്. അല്ലാതെ മേലദ്ധ്യക്ഷന്മാരെപ്പറ്റി പറഞ്ഞാൽ ഞാൻ അപരാധിയാകുകതന്നെയുള്ളൂ. ഗവണ്മെൻറു നിഷ്കൃഷ്ടമായ ഒരാർഡർ—ആരുടെ അപേക്ഷകളെല്ലാമുണ്ടായിരുന്നാലും അധഃകൃതരുടെയപേക്ഷയുണ്ടെങ്കിൽ അതിന് പ്രാഥമ്യംകൊടുത്ത് അവരെ നിയമിച്ചേതീരൂ എന്നു നിർബന്ധിക്കുന്ന ഒരാർഡർ—കൊടുക്കുകയാണെങ്കിൽ ഞങ്ങളുടെ ആ വിഷയത്തിലുള്ള പരാതി കുറഞ്ഞുപോകും.

ധനമില്ലാത്ത സമുദായങ്ങളെയാണ് സാധാരണ കേവലമായി ഗണിക്കപ്പെട്ടവരുന്നതു്. ധനസ്ഥിതിയുണ്ടാകണമെങ്കിൽ ഭൂമി കയ്യിൽകിട്ടണം. ഭൂമി കിട്ടുന്നതിന് ഇപ്പോൾ വലിയ പ്രതിബന്ധങ്ങളുണ്ട്. അധഃകൃതക്കു പതിച്ചുകൊടുക്കുന്നതിന്കുറെസ്ഥലം തിരിച്ചിട്ടിട്ടുണ്ട്. അതിൽ നല്ലഭാഗങ്ങളൊക്കെ റവന്യൂഡിപ്പാർട്ടുമെൻറിലെ കീഴ്സിൽബന്ധികളുടെ സഹായത്തോടുകൂടെ മറ്റുള്ളവക്കു പതിച്ചുകൊടുത്തിട്ടുണ്ട്. ഇനി മുട്ടൻ കുന്നുകളും പാറക്കെട്ടു സ്ഥലങ്ങളും മാത്രമേ ശേഷിച്ചിട്ടുള്ളൂ. അതുകൊണ്ടു വനങ്ങളിൽനിന്നും സ്ഥലങ്ങളൊഴിച്ചു പ്രത്യേകം കോളനികളേർപ്പെടുത്തി അധഃകൃതർക്കു കൊടുക്കണം. ഈ സംഗതിയിൽ കൺസർവേറ്റർ അവർകൾ വേണ്ട സഹായം ചെയ്യുമെന്നു പൂർണ്ണമായി വിശ്വസിക്കുന്നു. ഗവണ്മെൻറിനു യാതൊരാദായവുമില്ലാത്ത അനേകം കൃഷിസ്ഥലങ്ങൾ വനങ്ങളിൽ ധാരാളമുണ്ട്. അങ്ങിനെയുള്ള സ്ഥലങ്ങൾ മുഴുവനും അധഃകൃതർക്കു പതിച്ചുകൊടുക്കുന്നതിനു പ്രത്യേകമായി ഉത്തരവുകൾ കൊടുക്കണം. അതുകൊണ്ടു ഗവർമ്മെൻറിനു ആദായമല്ലാതെ നഷ്ടം ഒരിക്കലും ഉണ്ടാകയില്ല. അങ്ങിനെ പതിച്ചുകൊടുക്കുന്ന കാര്യത്തിൽ റവന്യൂഡിപ്പാർട്ടുമെൻറിലെ കീഴ്സിൽബന്ധികൾ വളരെ ഉദാസീനത കാണിക്കുന്നുണ്ട്. അധഃകൃതർക്കു സൗജന്യനിരക്കിൽ ഭൂമി പതിച്ചുകൊടുക്കണമെന്നു പറഞ്ഞിട്ടു വളരെക്കാലമായെങ്കിലും അവർക്കതു കിട്ടുന്നതിനു വളരെ പ്രയാസമായിരിക്കുന്നതു അവരു

LIBRARY ARCHIVES Kerala Legislative Assembly

[Mr. N. John Joseph.]

ടെ നിരുത്തരവാദിത്വംകൊണ്ടല്ലെന്നു കാണാവുന്നതാണ്. അതുകൊണ്ട് നിഷ്കർഷയായ് ആ വിഷയത്തിൽ പ്രവൃത്തിക്കുന്നതിനു വേണ്ട ഏർപ്പാടു ചെയ്യണം.

മൃഗവൻ സമയവും ഉപയോഗിക്കുന്ന ഒരധഃകൃതസംരക്ഷകനെ നിയമിക്കണമെന്നു പ്രജാസഭയിൽ ധാരാളം മുറവിളി കൂട്ടിയിട്ടുണ്ട്. എന്നാൽ ഒരധഃകൃതസംരക്ഷകനു ഇപ്പോൾ അമ്പതു രൂപാശമ്പളംകൊടുക്കുന്നുണ്ട്. അതു നഷ്ടമാകാതിരിക്കണമെങ്കിൽ അദ്ദേഹത്തിനുതന്നെ ഭൂമി പതിച്ചുകൊടുക്കുന്നതിനുള്ള അധികാരങ്ങളും കൊടുക്കുകയും അദ്ദേഹത്തിനു ഒരസിസ്റ്റന്റും വേണ്ട സ്റ്റാഫും കൊടുക്കുകയുംചെയ്താൽ ഞങ്ങളുടെ ആ സങ്കടത്തിനു പരിഹാരമുണ്ടാക്കാം. ഇനിയും ധാരാളം സംഗതികളെപ്പറ്റിപ്പറയാനുണ്ടെങ്കിലും സമയം വളരെ ചുരുക്കമാണെന്നു പ്രസിഡൻറു അവർകളം പറയുന്നതിനാൽ എന്നെ തിരിഞ്ഞെടുത്ത ഗവൺമെൻറിനു എന്റെ നന്ദിയെ ഒരിക്കൽക്കൂടി പ്രദർശിപ്പിച്ചുകൊണ്ടു ഞാൻ വിരമിച്ചുകൊള്ളുന്നു.

MR. P. S. MAHOMED (*Nominated*) : സർ, ഈ കൌൺസിലിന്റെ പല യോഗങ്ങളിലും പ്രജാസഭയുടെ പല സമ്മേളനങ്ങളിലും മുസ്ലീം സമുദായത്തിൽനിന്നു ഒരുമെമ്പറെ അവർക്കു സ്വന്തമായി തിരഞ്ഞെടുത്തു് ഈ സഭയിലേക്കു് അയക്കുന്നതിനുള്ള അധികാരം ലഭിക്കണമെന്നു് ഗവൺമെൻറിനോടു പലപ്പോഴും അപേക്ഷിക്കുകയും നിവേദനങ്ങൾ സമർപ്പിക്കുകയും ബഡ്ജറ്റ് സമ്മേളനത്തിൽ വാദപ്രതിവാദങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. അതു ഇതുവരേയും ഗവൺമെൻറിനു ചെയ്യാൻ നിവൃത്തി ഇല്ലാത്തവണ്ണം കൌൺസിൽ രൂൾസിൽ വേണ്ട ഭേദഗതി ചെയ്യുന്നതിനുള്ള സ്വാതന്ത്ര്യം ലഭിക്കാതിരിക്കുന്നതുകൊണ്ടു് ഇന്നും പഴയരീതിയിലുള്ള നാമിനേഷൻതന്നെ നടത്തിക്കൊണ്ടിരിക്കുന്നു. നാമിനേഷൻ എത്രതന്നെ തൃപ്തികരമായിരുന്നാലും സമുദായത്തിനുവേണ്ടി അഭിപ്രായങ്ങളെ പറയുന്നതിനു് അർഹതയും അവകാശവും ഇല്ലാത്ത ആളുകൾപോലും സ്ഥാനത്തും അസ്ഥാനത്തും ഗവൺമെൻറിനേയും മെംബറിനേയും അപഹാസസൂചകമായിക്കൊണ്ടു പരാതി പറയുന്നതിനു സന്നദ്ധരായിരിക്കുന്നതിനാൽ മുസ്ലീമിങ്ങൾക്കു് അവരുടെമെംബറെ തിരിഞ്ഞെടുക്കാനുള്ള അധികാരം കൊടുക്കണമെന്നു് ഞാൻ ഗവൺമെൻറിനെ പ്രത്യേകം ഓർമ്മിപ്പിച്ചുകൊള്ളുന്നു.

MR. E. V. KRISHNA PILLAI (*Kottarakara cum Kunnattur*) : ഏതെല്ലാം സമുദായങ്ങൾക്കാണു് മുസ്ലീം സമുദായത്തെപ്പറ്റി അഭിപ്രായം പറയാനുള്ള അവകാശം?

LIBRARY ARCHIVES Kerala Legislative Assembly

MR. P. S. MAHOMED (*Nominated*) : മുസ്‌ലീം സമുദായത്തെപ്പറ്റി അഭിപ്രായം പറയാനുള്ള അവകാശം മുസ്‌ലീമിങ്ങൾക്കുതന്നെ, അല്ലാതെ മറെറാരുത്തക്കുമല്ലാ.

MR. A. S. DAMODARAN ASAN (*Mavelikara cum Kartiakavalli*) : ഗവൺമെൻറു നിയമിക്കുന്ന മെംബക്കു ആ അവകാശങ്ങൾ പറയാനധികാരമില്ലേ?

MR. P. S. MAHOMED (*Nominated*): അതുകൊണ്ടാണു പറയുന്നതു്.

MR. K. KUNJUKRISHNA PILLAI (*Quilon*): മറുള്ളവക്ക് ആ അവകാശം ഇല്ലന്നു പറയുന്നതു മെംബറുടെ അഭിപ്രായം മാത്രമല്ലേ?

MR. P. S. MAHOMED (*Nominated*): അതുകൊണ്ടു് ഗവണ്മെൻറു കഴിയുന്നതുംവേഗത്തിൽ, അടുത്ത സംസ്ഥാനത്തിൽ ചെയ്തിട്ടുള്ളതുപോലെ, മുസ്‌ലീംസമുദായത്തിനു് ഇഷ്ടമുള്ള ഒരാളെതിരഞ്ഞെടുക്കാനുള്ള അവകാശം നൽകണമെന്നു് ഒന്നുകൂടി ഓർമ്മിപ്പിച്ചുകൊള്ളുന്നു.

ഈ സഭയുടെ വിമർശനത്തിനു പാത്രീഭവിച്ചിട്ടുള്ള ബഡ്ജററിനെ സംബന്ധിച്ചു നോക്കുകയാണെങ്കിൽ ഫിനാൻഷ്യൽ സിക്രട്ടറി അദ്ദേഹത്തിൻെറ ധനകാര്യത്തിലുള്ള സാമർത്ഥ്യത്തെ വേണ്ടവിധത്തിൽ പ്രയോഗിച്ചിട്ടുണ്ടു് എന്നു കാണാം. ഇന്നു് ലോകത്തെവിടെനോക്കിയാലും സാമ്പത്തിക അധഃപതനംനിമിത്തം വലയുന്ന ജനങ്ങളുടെസംഖ്യ ധാരാളമുണ്ടെന്നു കാണാം. തിരുവിതാംകൂർ ഗവണ്മെൻറു ഈ വിഷയത്തിൽ ജനങ്ങളുടെ സങ്കടാവസ്ഥയെ പരിഹരിക്കുന്നതിനു പലതും പ്രവൃത്തിക്കുന്നതിൽ ആഗ്രഹം ഉള്ളതായി കാണുന്നതിനാൽ എനിക്കു വളരെ സന്തോഷമുണ്ടു്. എന്നാൽ ജനങ്ങളുടെ ആഗ്രഹത്തിനനുസരണമായ പ്രവൃത്തികളുണ്ടായിട്ടില്ലായെന്നു പറയാതിരിക്കുവാൻ നിവൃത്തിയില്ലാ. സാമ്പത്തികാധഃപതനകമ്മിററി സൃഷ്ടിച്ചു. അവർ നിർദ്ദേശങ്ങളുംകൊടുത്തു. ഗവൺമെൻറിൻെറ സ്വന്ത അഭിപ്രായമനുസരിച്ചു ചില്ലറ ചില്ലറയായ പല സഹായങ്ങളും ചെയ്തിട്ടുണ്ടെന്നുള്ളതും ഞാൻ വിസ്മരിക്കുന്നില്ല. അതു മതിയായിട്ടില്ലെന്നു തന്നെയാണു ഞാൻ പറയുന്നതു്. റവന്യൂടാക്സ് ഒന്നുകൂടി കുറച്ചു കൊടുക്കുകയും അടച്ചുതീർക്കുന്നതിനു സാവകാശവും കൊടുക്കുകയും ചെയ്യണം. കർക്കടകമാസം അവസാനത്തിനകം കരം കൊടുത്തില്ലെങ്കിൽ അതു ഈടാക്കുന്നതിനുള്ള എല്ലാ അധികാരങ്ങളും കൊടുത്തുകഴിഞ്ഞാൽ ഞങ്ങൾ വല്ലാതെ വിഷമിച്ചുപോകുന്നതാണു്. മറെറാന്നു വിദ്യാലയങ്ങളിലെ ഫീസിൻെറ ഇന്നത്തെ സ്ഥിതിയാണു്. അതിലൊരു ശതമാനം കുറയ്ക്കേണ്ടതത്യാവശ്യ

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. S. Mahomed.]

മാണ്. ജനങ്ങൾ വേണമെങ്കിൽ ഒന്നോ രണ്ടോ പ്രാവശ്യം പട്ടിണി കിടക്കും, എന്നാലും അവരുടെ സന്താനങ്ങളെ വിദ്യാലയങ്ങളിലയക്കാതിരിക്കുന്നതു പരമസങ്കടമാണ്. ഇന്നത്തെ നിലക്കു കുട്ടികളെ വിദ്യാലയങ്ങളിലയക്കുന്നതിനവക്കു ശക്തിയില്ല. അതുകൊണ്ട് ഈ വിഷയം ഗവൺമെൻറു പ്രത്യേകം ശ്രദ്ധിക്കണം.

തൊഴിലാളികൾക്കു ഉന്നത വിദ്യാഭ്യാസത്തിനു പോകാൻ സാധിച്ചില്ലെങ്കിലും പ്രാഥമികവിദ്യാഭ്യാസം അവക്കത്യാവശ്യമാണ്. എന്നാൽ ഇന്നു പഠിക്കുന്നതിനു കെട്ടുകെട്ടായി വാങ്ങിക്കേണ്ടിയിരിക്കുന്ന പുസ്തകങ്ങളുടെ കണക്കു നോക്കിയാൽ ഒരു തൊഴിലാളിക്കും ഒരിക്കലും അവരുടെ കുട്ടികളെ പള്ളിക്കൂടത്തിലയക്കാൻ സാധിക്കയില്ല. തൊഴിലാളികൾ ഏർപ്പെട്ടിരിക്കുന്ന വ്യവസായത്തിൻെറ അധോഗതിയനുസരിച്ചു തൊഴിലാളികളുടെ സംഖ്യ കുറയ്ക്കുന്നതിനു മുതലാളിമാർ ആലോചിക്കുന്നു. അങ്ങനെ ചെയ്താൽ പട്ടിണി വന്നു പോകാതിരിക്കുന്നതിനു തൊഴിലാളികളും ശ്രമിക്കുന്നുണ്ട്. അതുകൊണ്ടു ഭക്ഷണത്തിനും വേണ്ട സൌകര്യമവക്കുചെയ്യണം. ഇന്നു് ഏററവും ചുരുങ്ങിയതോതിൽ ജീവിക്കുന്നതിനു പത്തുരൂപായെങ്കിലും കിട്ടിയില്ലെങ്കിൽ വളരെ പ്രയാസമാണ്. പത്തു രൂപാതന്നെയും കിട്ടാൻ ഇപ്പോൾ നിവർത്തിയില്ല. ഈ പത്തുരൂപാതന്നെയും കുറയ്ക്കുന്നതിനുള്ള സന്ദർഭം വരുമ്പോഴാണ് മുതലാളിമാരും തൊഴിലാളിമാരും തമ്മിൽ മത്സരമുണ്ടാകുന്നതു്. അല്ലാതെ മറുവിധത്തിൽ മത്സരിക്കത്തക്ക യാതൊരു സന്ദർഭവും തിരുവിതാംകൂറിൽ അടുത്തകാലത്തു ഉണ്ടാകയില്ല. തൊഴിലാളികളുടെ സംഗതികളെ ശരിയായ രൂപത്തിൽ ഗവണ്മെൻറിനെ ധരിപ്പിക്കുന്നതിനും സാമ്പത്തികാധഃപതനം അവരെ എത്രത്തോളം ബാധിച്ചിട്ടുണ്ട് എന്നു് അറിയിക്കുന്നതിനും അവക്കു സൌകര്യം ലഭിച്ചിട്ടില്ല എന്നു് പറയുന്നതിനു ഞാൻ ധൈര്യപ്പെടുന്നെങ്കിൽ അതിലേക്കു നിയമിച്ചിട്ടുള്ള കമ്മിററി അംഗങ്ങളും തൊഴിലാളികളും തമ്മിലുള്ള ബന്ധം എന്തെന്നു നോക്കിയാൽ അവരുടെനേക്കു് എത്രമാത്രം ആനുകൂല്യം കാണിക്കുമെന്നു കാണാവുന്നതാണ്. സാമ്പത്തികാധഃപതനകമ്മിററിയെപ്പററിയുള്ള എൻെറ ക്ഷോഭത്തിനു സ്വാർത്ഥപരിത്യാഗികളാണ് അതിലെ അംഗങ്ങൾ എന്നു ഉദ്യോഗസ്ഥഭാഗത്തു നിന്നു മറുപടി പറഞ്ഞു. അതുകൊണ്ടുതന്നെ സ്വാഭാവികമായിട്ടു അനുകമ്പാപൂർവമായി പ്രവർത്തിക്കുന്നവർ ആരും ഇല്ലെന്നു കാണാവുന്നതാണ്. ഇതു ഗവണ്മെൻറുഭാഗത്തുനിന്നും പറഞ്ഞ മറുപടിയാണ്.

LIBRARY ARCHIVES Kerala Legislative Assembly

അവരുടെ കാര്യത്തിൽ വലിയ ത്യാഗബുദ്ധിയോടുകൂടി പ്രവൃത്തിച്ചാൽ മാത്രമെ വല്ലതും അവക്കുവേണ്ടി പ്രവൃത്തിക്കാൻ സാധിക്കയുള്ളൂ. ഈയവസരത്തിൽ പി. ഡബ്ലിയു. ഡി. ചിലവിൽനിന്ന് എട്ടരലക്ഷം രൂപ കുറയ്ക്കുക എന്നുള്ളതു് ഒരിക്കലും നല്ലതല്ല. തൊഴിലാളികളെ സംബന്ധിച്ചുള്ള സംഗതികൾ വേണ്ടവിധത്തിൽ മനസ്സിലാക്കിയിരുന്നു എങ്കിൽ ഇങ്ങനെ ഒരു കുറവു ചെയ്കയില്ലായിരുന്നു. ഒരു വലിയ ഭൂരിപക്ഷം ജനങ്ങൾ തിരുവിതാംകൂറിൽ തൊഴിലാളികളാണെന്നുള്ളതിന്നു് യാതൊരു സംശയവും ഇല്ല. അവരുടെ ജീവിതത്തിന്നു് അത്യന്താപേക്ഷിതമായിട്ടുള്ള തൊഴിലിനെ ഇല്ലാതേയാക്കുന്നതിന്നു് ഇന്നത്തെ ഗവണ്മെൻറു് ഒരിക്കലും തുനിയരുതെന്നാണു് എന്റെ അഭിപ്രായം. ഇതിൽ ഞാനാരെയും കുറപ്പെടുത്തുന്നില്ല. ഗവണ്മെൻറിന്റെ ദൃഷ്ടി ഇതിൽ പതിയാതിരുന്നതുകൊണ്ടുമാത്രം വന്നിട്ടുള്ളതാണു്. ഒരു ഗവണ്മെൻറിനെ സംബന്ധിച്ചു പറയുകയാണെങ്കിൽ ഉദ്യോഗസ്ഥന്മാരുടെ പ്രവൃത്തികളാകുന്ന ഗവണ്മെൻറിന്റെ അന്തസ്സിനെ പരിപാലിക്കുന്നതു്. അവരുടെ കയ്യിലാണു ഗവണ്മെൻറിന്റെ കാര്യക്ഷമത സ്ഥിതിചെയ്യുന്നതു്. അവർതന്നെ ചട്ടത്തിനും നീതിക്കും വിപരീതമായി പ്രവൃത്തിക്കുന്നു എങ്കിൽ അവരുടെ പേരിനുമാത്രം കളങ്കം വരുത്തുന്നതുകൂടാതെ അവരുടെ മേധാവിയായിരിക്കുന്ന എല്ലാപേക്കും ചീത്തപ്പേരുണ്ടാകുന്നതാണു്. അതുകൊണ്ടു ഗവണ്മെൻറു് ഈ വിഷയത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്. ഉദ്യോഗസ്ഥന്മാർ അവക്കു് ആവശ്യമില്ലാത്ത സംഗതികളിൽ പ്രവേശിക്കുന്നതിന്നു് ഒരിക്കലും അനുവദിക്കാൻ പാടില്ല. അവരുടെ ചുമതല നിർവഹിക്കുന്നതിനു വേണ്ടവിധത്തിൽ ശാസനചെയ്യണം. ഇന്നലയും ഇന്നുംനടന്ന പ്രസംഗങ്ങൾകൊണ്ടു് മനസ്സിലാകുന്നതു ജനങ്ങളിൽ അധികം ആളുകൾക്കും ഒരു ഉത്തരവാദിത്വമുള്ള ഗവണ്മെൻറുവേണമെന്നാണു്. എന്താണു് ഉത്തരവാദിത്വമുള്ള ഗവണ്മെൻറു് എന്നു് ആലോചിച്ചതിൽ എനിക്കു് ഒരു സംഗതി മനസ്സിലാക്കുവാൻ സാധിച്ചു. ഒരു തീയതി ഗവണ്മെൻറിനെ മാറുകയും മറെറാരുതീയതി ഒരു ഗവണ്മെൻറിനെ സ്ഥാപിക്കയും വേറൊരു സമയം അതിനെ പിന്നീടും മാറുകയും ചെയ്യത്തക്കവണ്ണം ജനങ്ങളുടെ ഇഷ്ടപ്രകാരമുള്ള ഒരു ഗവണ്മെൻറു വേണമെന്നല്ല. നേരെമറിച്ചു് നിയമത്തിനും നീതിക്കും കീഴടങ്ങി പ്രവൃത്തിക്കുന്നതിനുള്ള ഒരു ഗവണ്മെൻറു സ്ഥാപിക്കണം എന്നാണു് ആവശ്യപ്പെടുന്നതു്. നിയമത്തോടു് ഉത്തരവാദിത്വമായി പ്രവൃത്തിക്കണമെന്നുള്ള ആഗ്രഹം കൊണ്ടാണു് ഉത്തരവാദിത്വമുള്ള ഗവണ്മെൻറു വേണമെന്നു് ഇവിടെപ്രസ്താവിച്ചിട്ടുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

MR. K. KUNJUKRISHNA PILLAI (*Quilon*): ഇപ്പോഴത്തെ ഗവണ്മെൻറ് നിയമത്തോട് ഉത്തരവാദിത്വം ചെയ്യുന്നില്ലെ?

MR. P. S. MAHOMED (*Nominated*): ഇന്നത്തെ ഗവണ്മെൻറ് ചെയ്യുന്നുണ്ട്. ചില ഉദ്യോഗസ്ഥന്മാരുടെ അയോഗ്യതനിമിത്തം ചില വ്യത്യാസങ്ങൾ കാണുന്നുണ്ട്.

MR. K. GOPALAKRISHNA PILLAI (*Parur*): അതു നിൽത്താൻ സാധിക്കയില്ലെ?

MR. P. S. MAHOMED (*Nominated*): അതുകൊണ്ടാണു ഞാൻ പറയുന്നതു്. ഗവണ്മെൻറിൻെറ പേരിനെ മലിനപ്പെടുത്തുന്നവർ ആരായിരുന്നാലും—അവക്കു മറു വിശിഷ്ടഗുണങ്ങൾ എന്തെല്ലാം ഉണ്ടായിരുന്നാലും—അവരോടു സ്നേഹമായി പെരുമാറാതെ ശക്തിയായ രീതിയിൽതന്നെ പെരുമാറണം.

MR. M. MAHOMED MUSTAPHA (*Commerce and Industry, South*): അങ്ങിനേയുള്ള ഒരു ഉദ്യോഗസ്ഥൻെറ പേരുപറയാമൊ?

MR. P. S. MAHOMED (*Nominated*): അങ്ങിനെ ചില പേരുകൾ പറഞ്ഞതുകൊണ്ടു ചിലക്കു ചില അപകടങ്ങൾ പറ്റിയിട്ടുള്ളതിനാൽ അവരുടെപേർ പറയുന്നില്ല. അതു പറയാൻ മടിയില്ല. ചിലർക്കു് അതുകൊണ്ടു് ആപത്തുണ്ടായിട്ടുണ്ടു്.

MR. K. GOPALAKRISHNA PILLAI (*Parur*): അങ്ങിനെ ആപത്തുവരാതിരിക്കാൻ വേണ്ട ഏർപ്പാടു ചെയ്തതായി അറിയാമോ?

MR. P. S. MAHOMED (*Nominated*): അറിഞ്ഞുകൂടാ. അതുനിമിത്തം ചിലപ്പോൾ അകപ്പെടുകയും അകപ്പെടാതിരിക്കുകയും ചെയ്യും. എന്തായാലും ഇങ്ങനെയുള്ള സംഗതികൾ പറയുന്നില്ല.

MR. K. P. MADHAVAN PILLAI (*Chirayinkil*): ഈ കായ്ങ്ങളെപ്പറ്റി രഹസ്യമായി ഗവണ്മെൻറിനെ അറിയിച്ചിട്ടുണ്ടോ?

MR. P. S. MAHOMED (*Nominated*): ഞാൻ രഹസ്യമായി ഒന്നും അറിയിക്കുന്ന പതിവില്ല. പരസ്യമായിട്ടു അറിയിക്കുന്ന പതിവേ ഉള്ളു.

MR. K. P. MADHAVAN PILLAI (*Chirayinkil*): എന്നാൽ പരസ്യമായ് അറിയിച്ചിട്ടുണ്ടോ?

MR. P. S. MAHOMED (*Nominated*): ചില സംഗതികൾ അറിയിച്ചിട്ടുണ്ടു്.

താരിപ്പുവിലയെസംബന്ധിച്ചാണെങ്കിൽഎനിക്കുപറയാനുള്ളതു്. ഡ്യൂട്ടി കുറച്ചാൽ മതിയെന്നു് ചിലർ ആഗ്രഹിക്കുന്നു. സംസ്ഥാനത്തിലെ വ്യവസായങ്ങളെ പുഷ്ടിപ്പെടുത്തുന്നതിനു് അത്യന്താപേക്ഷിതമായിരിക്കു

LIBRARY ARCHIVES Kerala Legislative Assembly

ന്ന സാധനങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനു ഡ്യൂട്ടി കൂടുതൽ ചുമത്തുകയാണു വേണ്ടതു്. അങ്ങിനെ ചുമത്താതിരിക്കുന്നപക്ഷം കാലക്രമേണ ഈ രാജ്യത്തിലെ വ്യവസായം നശിക്കുകയും ചെയ്യും. അതിന്റെ ഫലം ഇന്നല്ല അനുഭവിക്കുന്നതു്. ഡ്യൂട്ടി കൂടുതലായ സാധനങ്ങൾ ഇവിടെ ചെലവാകുന്നില്ലെങ്കിൽ വിദേശികൾ ഇവിടെ വന്നു് അവരുടെ വിലയനുസരിച്ചു് സാമാനങ്ങൾ കൊണ്ടുപൊയ്ക്കോള്ളും.

MR. R. S. SUBRAHMANYA PILLAI (*Kalkulam cum Vilavankod*): ഡ്യൂട്ടി കുറയ്ക്കുന്നതു നല്ലതാണോ?

MR. P. S. MAHOMED (*Nominated*) : ചില സാധനങ്ങളെസംബന്ധിച്ചിടത്തോളം അതു നല്ലതാണു്.

MR. K. KUNJUKRISHNA PILLAI (*Quilon*) : അതു ഏതെല്ലാമെന്നുവ്യക്തമാക്കി പറയാമോ?

MR. P. S. MAHOMED (*Nominated*) : അവ വെളിച്ചെണ്ണയും കയറുപായുമാണു്.

MR. K. P. KOCHU KORA TARAKAN (*Kunnatnad*) : കുരുമുളകുകൂടി അതിലുൾപ്പെടുന്നില്ലെ?

MR. P. S. MAHOMED (*Nominated*) : ഇല്ല.

MR. K. P. KOCHU KORA TARAKAN (*Kunnatnad*): അതിന്റെ വിലയും കുറച്ചതായി അറിയാമോ?

MR. P. S. MAHOMED (*Nominated*): കുറച്ചില്ലാ എന്നാണു് എന്റെ അറിവു്.

ഇതിനും പുറമെ ഇവിടെ ഉണ്ടാക്കുന്ന സാധനങ്ങൾക്കു തീരുവ ചുമത്തുന്നതു നല്ലതല്ല. വെളിച്ചെണ്ണ ഇവിടെ ഉണ്ടാക്കുന്നതാണു്. കൊപ്രാക്കു് ഇന്നത്തെ നിലയ്ക്കു തീരുവ വയ്ക്കണം. എന്നാൽ വെളിച്ചെണ്ണയ്ക്കു തീരുവ വയ്ക്കുന്നതു അശേഷം നല്ലതല്ല.

MR. K. GOPALAKRISHNA PILLAI (*Parur*): കൊപ്രാ ഇവിടെ ഉണ്ടാക്കുന്ന സാധനം അല്ലേ?

MR. P. S. MAHOMED (*Nominated*): കൊപ്രാ ഇവിടെ ഉണ്ടാക്കുന്നുണ്ടെങ്കിലും ഇൻഡസ്ട്രിയലായിട്ടു് അതിനു് അഡ്വാൻസ്മെന്റ് ഉണ്ടായിട്ടില്ല.

വെളിച്ചെണ്ണ ശേഖരിച്ചു് അയക്കുന്ന കച്ചവടക്കാർ വെളിയിലുണ്ടു്: അതുകൊണ്ടു വെളിച്ചെണ്ണക്കു് ഡ്യൂട്ടിയില്ലാതിരുന്നാൽ വെളിയിൽനിന്നു് അതുകൊണ്ടു ഇവിടെവന്നു വാങ്ങിക്കൊണ്ടുപോകാൻ സാധിക്കും. അതുകൊണ്ടു അതിന്റെ ഡ്യൂട്ടിയെ ഇല്ലാതാക്കണം. ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. S. Mahomed.]

ഗ്രപടോളിനു ഡ്യൂട്ടികൊടുത്തുതന്നെ വാങ്ങുന്നുണ്ട്. അതുകൊണ്ടു സംസ്കൃതസാധനങ്ങൾക്ക് എത്രത്തോളം ഡ്യൂട്ടി ചുമത്തിയാലും ആവശ്യമുണ്ടെങ്കിൽ വില കൂടുതൽ കൊടുത്തും വാങ്ങുന്നതാണ്.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): താരിപ്പുവില കുറഞ്ഞാൽ ആ സാധനം ധാരാളം ചിലവാകുകയില്ലെ?

MR. P. S. MAHOMED (*Nominated*) : അങ്ങിനെചെയ്യുന്നതുകൊണ്ടു ആ ഇൻഡസ്ട്രി നശിക്കുന്നതിനും അതുകൊണ്ടുപജീവിക്കുന്ന അനേകായിരം തൊഴിലാളികൾക്കുള്ള തൊഴിൽ ഇല്ലാതാകുന്നതിനും കാരണമാകുന്നതാണ്.

MR. K. GOPALAKRISHNA PILLAI (*Parur*): ഏതിനെ അടിസ്ഥാനപ്പെടുത്തിയാണു ഇൻഡസ്ട്രി അഭിവൃദ്ധിപ്പെടുത്തുന്നതു്. ഇതുവരെ നശിക്കാത്തതു് മേലും നശിയ്ക്കുമെന്നു എങ്ങിനെ വിചാരിക്കാം?

MR. P. S. MAHOMED (*Nominated*): ഈ അധഃപതനത്തെ നീക്കുന്നതിനു ഉള്ള അഭിപ്രായം അധഃപതനത്തെ ഉണ്ടാക്കുന്നതാണ്. ഇങ്ങിനെ എല്ലാം ചെയ്താൽ മാറിപ്പോകുമെന്നു തെറ്റിധരിക്കുകയാണു ചെയ്തിരിക്കുന്നതു്.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): വെളിച്ചെണ്ണക്ക് തീരുവ വേണ്ടെന്നു വച്ചാൽ കൊപ്രായ്ക്ക് വില കൂടുന്നതെങ്ങിനെ?

MR. K. PADMANABHA PANIKKAR (*Ambalapuzha*) : Sir, I do not think it will serve any useful purpose in criticising the Financial Secretary one way or the other, so far as the accounts of the current year are concerned, because when we met here this time last year none of us were able to foresee that the economic depression would take such a serious turn though there were certain indications then. But we will not be justified if we do not make use of the valuable lesson we have learnt in settling the Budget for the next year.

Before I proceed further, I feel, that I will be failing in my duty if I do not bring to the notice of Government, the great and unprecedented distress that prevails among the peasantry more especially in Central and North Travancore. If the Government do not come to the rescue of the ryots in a generous and liberal manner without wasting any more time, I feel certain, that the prosperity of the country will be in danger, for some years to come. I am not unaware of the relief measures recently sanctioned by Government. My complaint is, that, these few relief measures have not touched even the fringe of the problem. The G. O. regarding the grant of the extension of time for payment of tax until the end of the current year cannot be considered as a concession to the tax-payer, because, it is only a postponement of

LIBRARY ARCHIVES Kerala Legislative Assembly

payment, for a few days. If he is unable to pay it to-day, it passes my comprehension to understand, how, he will be liable to pay after a few weeks when there cannot possibly be any change in the situation. It is stated that the Government would waive the collection of the demand notice fee in the case of those who pay before the end of the year.

Even this small concession is allowed only to persons who pay before the end of the month which I have already shown is an impossibility under the existing conditions.

On the other hand there is an anomaly in the G. O. Government have allowed a concession of 4 chs. in the case of persons who have not paid their taxes till the date of the issue of that order, while, they collected the demand notice fee of 4 chs. in the case of those who paid in the interval between the date of service of the demand notice and that of the date of the recent G. O. This is altogether unfair. The 4 chs. thus collected should be adjusted by recovery from the next payment. I should suggest for the consideration of this House that the practice of collecting demand notice fee should be done away with for ever.

MR. K. GEORGE (*Chief Secretary to Government*): I may inform the member that Government have ordered that the demand notice fee already collected may be set off against the claims in next year.

MR. K. PADMANABHA PANIKKAR (*Ambalapuzha*): Then I stand corrected. Even this extension of a few days is allowed only in deserving cases. We have to think of the person who has to decide whether a particular case is deserving or not.

Evidently, it is the Proverthikar. He is one who is always anxious to collect the dues by hook or by crook. Thus, naturally, he may not allow any defaulting tax-payer even this small extension granted by the Government. Therefore, the Government will now be convinced that the G. O. has afforded very little relief to the tax-payer.

Coming to the Kandukrishi tenants, the situation is worse. It is true, that the Government reduced the commutation rate of paddy from 24 to 18 chackrams with a view to afford some relief. Government are quite aware of the fact that the market rate of paddy is only 12 chs. per para and a pie more than that can be considered only as over-taxation and hence unbearable. I would earnestly request Government to allow the tenants to pay their tax in kind at least for the current year. If that for any reason is not considered practicable, the commutation rate may be fixed at 12 chachrams per para of paddy. I would suggest to the Government that they should take a more sympathetic view of the present situation and afford some substantial relief to the tax-payer by remitting 50 per cent of the land tax due from him this year.

I am glad to find that Government provided in the Budget 4½ lakhs of rupees under agricultural loans. This amount may not be adequate to meet the situation. It will afford some relief if this amount is properly and promptly distributed among the ryots, recovery being arranged in easy instalments. Though the rules provide repayment of such

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. Padmanabha Panikkar.]

loans in as many as 20 instalments, the Dewan Peishkars generally allow 5 or 6 instalments only. This causes a good deal of unnecessary hardship and the ryots, instead of being benefited, are only ruined Government should direct their officers to be more considerate in fixing instalments. The special loan of one lakh of rupees to the Punja cultivators is by no means adequate. I trust, Government would sanction more money in the course of the year if they find that the amount already sanctioned will not meet the requirements of the ryots.

I am glad to find that the Government have asked the Registrar of Co-operative Societies to submit proposals for the organisation of a Land Mortgage Bank. It will be a great relief to the ryots if the bank is opened without any further delay.

Passing to the Budget for 1107, I would say, at the very outset, that the Financial Secretary has laboured hard to show a small surplus. Perhaps he thinks that a deficit Budget might be considered by the House as very unlucky. I would have been glad if the play of sentiments had not been allowed in framing the Budget.

For 1106, he anticipated a revenue of 2½ crores, but the revised estimate comes only to 2 crores and 33 lakhs, thereby, showing a fall of 17 lakhs on the receipt side. There is no use in over-estimating the receipts. For 1107, the Financial Secretary has budgeted a receipt of 4 lakhs under sale proceeds of land. It is very doubtful whether even one-fourth of this amount will be realised next year. The Financial Secretary has admitted that there was no keen demand for land during the current year and I wonder how he expects better demand next year without a radical change in the economic situation for the better. So also, he has anticipated an increase of a quarter of a lakh of rupees under Land Revenue. To my mind, it appears, that this expectation will not be realised. Government will have to pay some attention to the cry for the remission of tax.

Under Taxes on Income, there will be a considerable fall as we cannot expect any sudden improvement in the present situation. On the whole, it appears to my mind, that there will be a considerable fall in the receipt side of the Budget for the next year.

We must cut short the expenditure with this idea in view. The Financial Secretary has stated that a drastic cut of 17 lakhs has been made from the Budget proposals of the Heads of Departments.

That does not mean that he has done what is expected of him to do in a situation like this. The expenditure for the current year ought to have been more carefully regulated to avoid the heavy deficit. Increase of salaries of officials should not have been allowed at a time like this.

A saving has to be effected by drastic retrenchment in establishment and salaries. There are appointments which can be easily abolished without any sacrifice to efficiency in the public service. Reduction

LIBRARY ARCHIVES Kerala Legislative Assembly

of expenditure under nation building department in such a way as to make this department suffer financially cannot be considered a wise step. It is in times—

MR. K. P. MADHAVAN PILLAI (*Chirayinkil*) : Sir, I rise to a point of order. Is any member allowed to read out manuscript speeches?

PRESIDENT: Are you reading out Mr. Panikkar?

MR. K. PADMANABHA PANIKKAR (*Ambalapuzha*) : I have jotted down some points and I am only referring to them.

It is in times of economic distress that more works of public utility have to be provided, so that, the number of the unemployed may be reduced as much as possible.

Before I conclude, I wish to say one word about the Department of Industries. As in British India and some other progressive Indian States our Department of Industries ought to be reorganised as the Department of Industries and Commerce. I believe these two spheres of economic activities should go hand in hand. If you develop the industrial resources of this country, it is quite essential to find outlets for the industrial products and this will be facilitated by the Department of Industries and Commerce exerting their influence in the marketing direction.

MR. JOSEPH KUNJU (*Changanachery* cum *Peermade*): ഫിനാൻഷ്യൽ സിക്രട്ടറി നിയമസഭയിൽ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജറ് യാതൊരു വിധത്തിലും പ്രശംസാഹ്മല്ലെന്നു വ്യസനസമേതം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. തൽക്കാലസ്ഥിതിഗതികളേയോ ദേശകാലാവസ്ഥയേയോ പൊതുജനക്ഷേമത്തേയോ, പൊതുജനാഭിപ്രായത്തേയോ, പരിഗണിക്കാതെ മുൻ കൊല്ലത്തെ ബഡ്ജറ് മുമ്പിൽ നിവർത്തുവച്ചുകൊണ്ട് അഥവാ അതിനെ മാതൃകയാക്കിക്കൊണ്ട് ചിലസങ്കലന വ്യവകലന ഗുണനഹരണക്രിയകൾ ചെയ്യുകമാത്രമാണ് അദ്ദേഹംചെയ്തിട്ടുള്ളതു്. ഒരു ഭൂരണതന്ത്രജ്ഞന്റെ ദീർഘദൃഷ്ടിയൊ ഒരു ധനതത്വശാസ്ത്രജ്ഞന്റെ കാലദേശാവസ്ഥാനിരീക്ഷണപടുതപോലും കാണുന്നില്ല എന്നു പറയാതിരിക്കുവാൻ നിവർത്തിയില്ല. ഒരു പത്രപ്രവർത്തകൻ എന്നുള്ള നിലയിൽ ഇതിനു് മുമ്പുണ്ടായിട്ടുള്ള പലബഡ്ജറുകളും ഞാൻ ശ്രദ്ധാപൂർവ്വം പരിശോധിച്ചിട്ടുണ്ടു്. ഇതുമേൽ നിരാശാജനകമായ ഒരു ബഡ്ജറ് ഇതിനു് മുമ്പ് കണ്ടിട്ടില്ലഎന്നു് ഞാൻ ധൈര്യസമേതം പറഞ്ഞുകൊള്ളുന്നു. ഇതിനു് മുമ്പുണ്ടായിട്ടുള്ള ബഡ്ജറ് പ്രസംഗങ്ങളിൽ "ഈ ബഡ്ജറ് അനുദ്യോഗസ്ഥന്മാർ ക്രൂടിയുള്ള ഫിനാൻസ് കമ്മിറ്റിയുടെ ശ്രദ്ധാപൂർവമായ നിരൂപണത്തിനു് പാത്രീഭവിച്ചിട്ടുള്ളതാണെന്നും അനുദ്യോഗസ്ഥന്മാരുടെ അഭിപ്രായങ്ങൾകൂടി അറിഞ്ഞതിനു ശേഷം രൂപീകരിച്ചിട്ടുള്ളതാണെന്നും" മറ്റും പ്രസ്താവിക്കുന്ന പതിവു

LIBRARY ARCHIVES Kerala Legislative Assembly

[Mr. Joseph Kunju.]

ണ്ടായിരുന്നു. എന്നാൽ ഫിനാൻഷ്യൽ സിക്രട്ടറി ഈ പ്രാവശ്യം അതിനെ വിട്ടുകളഞ്ഞതിനു് ഒരു ഫിനാൻസുകമ്മിറ്റിമെമ്പറായ ഞാൻ ഹൃദയപൂർവ്വം അദ്ദേഹത്തിനു് നന്ദിപറഞ്ഞുകൊള്ളുന്നു. ഫിനാൻസ് കമ്മിറ്റിയുടെ അധികാരവും ജോലികളും എന്തെല്ലാമെന്നു് ഒരു റിപ്പോർട്ടു സമർപ്പിക്കുന്നതിനു് ഒരു സ്നേഹിതൻ ഇവിടെ ആവശ്യപ്പെട്ടു. എനിക്കു് അതിനു അവകാശം ഉണ്ടോഎന്നു് അറിയാൻ പാടില്ലാത്തതിനാൽ ഞാൻ അതേസംബന്ധിച്ചു ഒന്നും ഇപ്പോൾ പറയുന്നില്ല.

MR. K. GOPALA KRISHNA PILLAI (*Parur*) : ഈ സഭയിൽ അതേപ്പറ്റി ഒരു അഭിപ്രായംപറയാമോ?

MR. JOSEPH KUNJU (*Changanachery cum Peermade*) : പ്രസിഡൻറു് അനുവദിക്കുന്ന എങ്കിൽ പറയാം. പക്ഷേ അതിനു് അനുമതി നല്കുമോ എന്നു് സംശയമാണു്.

ഫ ഫ ൦ ൯-ൽ ൨൩.൫൦ ലക്ഷംരൂപാ വരവും ൨൩.൫൦ ലക്ഷം രൂപാ ചിലവും ൫൩,൦൦൦ രൂപാ നീക്കിയിരിപ്പും ഉണ്ടെന്നു് പ്രതീക്ഷിക്കുന്നു. രണ്ടരക്കോടി രൂപായുടെ വരവുചിലവുകളിലാണു് ഇത്ര ലഘുമായ ഒരു സംഖ്യനീക്കിയിരിപ്പു കാണിച്ചിരിക്കുന്നതു് എന്നുള്ളതു പ്രത്യേകം സ്മരണീയമാണു്. ഫ ൦ ൫-ലെ നിയമസഭയിൽ ഹാജരാക്കിയ ഫ ഫ ൮ ന്യ-ലെ ബഡ്ജറ്റിൽ ൨൫൦.൭ ലക്ഷം രൂപാവരവും ൨൫൭. ൬ ലക്ഷം രൂപാചിലവും ൨.൦ ൨ ലക്ഷം രൂപാ നീക്കിയിരിപ്പും ഉണ്ടാകുമെന്നാണു് പ്രതീക്ഷിച്ചിരുന്നതു്. നീക്കിയിരിപ്പു് ഇല്ലെന്നു് മാത്രമല്ല, ൬.൫ ലക്ഷംരൂപാ നഷ്ടവുംകൂടിഉണ്ടായിട്ടുണ്ടു്. ഈവ്യത്യാസം മാത്രം വന്നതു് പൊതുമരാമത്തു് വകുപ്പിലേക്കു് വച്ചിരുന്ന ൫ ലക്ഷം രൂപാ ചിലവാക്കാതെയിരുന്നതുകൊണ്ടാണു്. പൊതുജനങ്ങൾക്കു ഉപയോഗപ്രദങ്ങളായ മറ്റിനങ്ങളിലേക്കു നീക്കിവച്ചിരുന്നതുകയും ചിലവാക്കാതിരുന്നിട്ടുണ്ടു്. ആ തുകയും കൂടി ചിലവാക്കിയിരുന്നു എങ്കിൽ ഫ വ്വലക്ഷത്തോളം വരുന്ന ഒരു വമ്പിച്ച സംഖ്യയുടെ വ്യത്യാസം ഉണ്ടാകുമായിരുന്നു. ഈ ആണ്ടിൽ അപ്രതീക്ഷിതമായ യാതൊരുസംഭവങ്ങളും ചിലവുകളും ഉണ്ടാകാതിരുന്നിട്ടും ഇത്ര ഭയങ്കരമായ വ്യത്യാസം വന്നിരിക്കേ വിദഗ്ധന്മാരായ ധനതത്വശാസ്ത്രജ്ഞന്മാർക്കുപോലും ഖണ്ഡിതമായി പ്രവചിക്കുന്നതിനു നിവർത്തിയില്ലാത്ത ഇപ്പോഴത്തെ സാമ്പത്തികാധഃപതനത്തിന്റെ ഗതി എങ്ങോട്ടായിരിക്കും; എങ്ങിനെയായിരിക്കുമെന്നറിയാതെ അന്ധകാരത്തിൽ ആണ്ടുകിടന്നുകൊണ്ടു് രൂപാറഃക്കിയിട്ടുള്ള ഇപ്പോഴത്തെ ബഡ്ജറ്റിലെ വരവുചിലവും

LIBRARY ARCHIVES Kerala Legislative Assembly

നീക്കിയിരിപ്പും എത്രത്തോളം ശരിപ്പെടുമെന്നു പ്രവചിക്കുന്നതിനു ഒരു ദീർഘദർശിയുടെ ആവശ്യമില്ല.

MR. R. NILAKANTA PILLAI (*Financial Secretary to Government*): ബഡ്ജറും ഒരു എസ്റ്റിമേറും ആണു് എന്നു് അറിയാമൊ?

MR. JOSEPH KUNJU (*Changanachery* cum *Peermade*): അറിയാം. എന്നാൽ ഇത്രഅധികം വ്യത്യാസം വരികയില്ലെന്നുംഅറിയാം. വരവിനങ്ങളെ ഖണ്ഡിതമായിനിശ്ചയിക്കുന്നതിനു് ആർക്കും സാധിക്കുകയില്ല. ലാൻഡ് റവന്യൂ, ആദായനികുതി, രജിസ്ട്രേഷൻ, ചുങ്കം, വനം, സ്റ്റാമ്പ്സ് എന്നിവയാണു് പ്രധാനവരവിനങ്ങൾ. എല്ലാ ആണ്ടുകളിലും തന്നാണ്ടത്തെ പുതുക്കിയ കണക്കനുസരിച്ചുള്ള വരവിനെക്കാൾ അല്പം കൂടുതലായിട്ടുള്ള ഒരുസംഖ്യയാണു് അടുത്ത ആണ്ടത്തെ ബഡ്ജറിൽ വരവിനമായികൊള്ളിക്കാറുള്ളതു്. എന്നാൽ നിർഭാഗ്യവശാൽ, എന്തു കാരണം കൊണ്ടെന്നു അറിഞ്ഞുകൂടാ, ഫാമാണ്ടുമുതൽ നമ്മുടെ വരവുക്രമേണക്ഷയിച്ചും ചിലവു ക്രമേണ വർദ്ധിച്ചും നീക്കിയിരിപ്പു ക്രമേണ ചുരുങ്ങിയുമാണു് വരുന്നതു് എന്നു വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. അതു ഈ രാജ്യവാസികൾക്കു പരിഭ്രമജനകമാണു്. ഈ സ്ഥിതിയിൽ മുന്നോട്ടുപോയാൽ ഇതിന്റെ അവസാനം എന്തായിരിക്കുമെന്നു് ഊഹിക്കുന്നതിനുപോലും നിവൃത്തിയില്ല.

MR. R. S. SUBRAHMANYA PILLAI (*Kalkulam* cum *Vilavankod*): ചിലവുചെയ്യുന്നതു പൊതുജനങ്ങളുടെ ആവശ്യത്തിനല്ലെ?

MR. JOSEPH KUNJU (*Changanachery* cum *Peermade*): അല്ല. ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തിനാണു് ഗവൺമെൻറു് ചിലവുചെയ്യുന്നതു്.

ആദ്യമായിട്ടു ഭൂനികുതിയെപ്പറ്റിതന്നെ നോക്കാം ഫാ൪-ലെ വരവു് ൪ ക്ഷ, ൈന, വൃന ൪-രൂപായും ഫാ൦-ൈ വരവു് ൩൯,൯൯൯ രൂപായും ഫാ൦൧-ലെ വരവു് ൩൯,൦൦൦ രൂപായും ആണെന്നാണു് കാണുന്നതു്. ഇങ്ങനെ ഈ ഇനത്തിലുള്ള വരവു് ക്രമേണ ആണ്ടുതോറും കുറഞ്ഞുകൊണ്ടാണു് ഇരിക്കുന്നതെങ്കിലും സാമ്പത്തികാധഃപതനത്തിലുൾപ്പെട്ടുഴലുന്ന ഇക്കാലത്തു് അടുത്ത ആണ്ടിൽ ഈ ഇനത്തിൽ ൩൫,൦൦൦ രൂപാ കൂടുതൽവരവു് ഉണ്ടാകുമെന്നാണു് ഫിനാൻഷ്യൽ സെക്രിട്ടറി പ്രതീക്ഷിച്ചിട്ടുള്ളതു്.

MR. R. NILAKANTA PILLAI (*Financial Secretary to Government*): ആയക്കെട്ടിനത്തിൽ കൂടുതൽ ഇട്ടിട്ടുണ്ടു്.

MR. JOSEPH KUNJU (*Changanachery* cum *Peermade*): ഏതിനത്തിലായാലും കൂടുതൽ ഉണ്ടാകുമെന്നു പ്രതീക്ഷിക്കുന്നുഎന്നുമാത്രമേ ഞാൻ പ-

LIBRARY ARCHIVES Kerala Legislative Assembly

[Mr. Joseph Kunju.]

റയുന്നുള്ളൂ. അതു് ആയക്കെട്ടു് ഇനത്തിലാണു് എന്നു ഫിനാൻഷ്യൽ സെക്രിട്ടറി പറയുന്നുണ്ടെങ്കിലും അതൊന്നും തൃപ്തികരമായ ഒരു സമാധാനമായി സ്വീകരിക്കാമെന്നു എനിക്കു തോന്നുന്നില്ല.

ആദായനികുതി ഇനത്തിൽ ൧൯൨൮-ൽ ൯,൫൪,൭൫൦-രൂപായും ൧൯൨൯-ൽ ൯,൪൯,൧൫൦-രൂപായും ൧൯൩൦-ൽ ൯,൫൯,൭൫൦ രൂപായുമാണു് വരവു്. ഇങ്ങനെ ഈ ഇനത്തിലുള്ള ആദായവും ക്രമേണ ക്ഷയിച്ചുകൊണ്ടാണു് വരുന്നതെന്നു കാണാം.

MR. R. NILAKANTA PILLAI (*Financial Secretary to Government*): ൧൯൩൧-ൽ ഈ ഇനത്തിലുള്ള വരവു് ഈ ആണ്ടത്തേക്കാൾ വളരെ കുറച്ചേ ചേത്തിട്ടുള്ളൂ.

MR. JOSEPH KUNJU (*Changanacherry cum Peermade*): അതിനെപ്പറ്റി ഞാൻ പറയുന്നുണ്ടു്.

൧൯൩൦ാമാണ്ടിനെപ്പോലെ സാമ്പത്തികാധഃപതനം അതിന്റെ അത്യുച്ചസ്ഥാനത്തു് എത്തിയിട്ടുള്ള മറ്റൊരാണ്ടും നമുക്കു് ഓർമ്മയില്ല. ഈ ആണ്ടുപോലെ വാണിജ്യാധഃപതനം ഇതിനുമുമ്പു് ഉണ്ടായിട്ടില്ല. ഈ ആണ്ടത്തെ ആദായത്തിന്മേലുള്ള നികുതിയാണു് അടുത്തയാണ്ടു് ഈടാക്കേണ്ടതു്. അങ്ങിനെ ഇരിക്കെ ഫിനാൻഷ്യൽസെക്രിട്ടറി പ്രസ്താവിക്കുന്നതു് അടുത്ത ആണ്ടിൽ ആദായനികുതി ഇനത്തിൽ ഒരുലക്ഷംരൂപായുടെ കുറവുമാത്രമേ ഉണ്ടാവുകയുള്ളൂ എന്നാണു്. അതും കണ്ടതന്നെ അറിയേണ്ടിയിരിക്കുന്നു. ഏതായാലും തല്ക്കാലം ഫിനാൻഷ്യൽസെക്രിട്ടറി പറയുന്നതു വിശ്വസിക്കതന്നെ ചെയ്യാം.

ഇനി എക്സൈസു് വകുപ്പിനെപ്പറ്റിയാണു് പറയുവാനുള്ളതു്. എക്സൈസു് വകുപ്പിൽ ൧൯൨൮-ൽ ൩,൨൫,൮൭൫ രൂപാ വരവുണ്ടായിരുന്നു. ൧൯൩൦-ൽ ൩,൧൫,൪൦൦ രൂപാ പ്രതീക്ഷിച്ചിരുന്നുവെങ്കിലും ൪൦,൦൦,൦൦൦ രൂപയാണു് വരവുണ്ടായിട്ടുള്ളതു്. ഇപ്പോഴത്തെ ക്ഷാമംനിമിത്തവും മധുവജ്ജനപ്രസ്ഥാനം നിമിത്തവും ആണു് ഈ കുറവു വന്നിട്ടുള്ളതെന്നാണു് ഫിനാൻഷ്യൽ സെക്രിട്ടറി പ്രസ്താവിച്ചിട്ടുള്ളതു്. എന്നാൽ അടുത്ത ആണ്ടിൽ അബ്കാരിഉൾപ്പെടെയുള്ള ഇനത്തിൽ ൫,൫൦,൦൦൦-രൂപായോളം ഈ ആണ്ടത്തേക്കാൾ കൂടുതൽ വരവുണ്ടാകുമെന്നു അദ്ദേഹം പ്രതീക്ഷിക്കുന്നു. അടുത്തആണ്ടിൽ ക്ഷാമം ഒടിഞ്ഞിച്ചുകൊള്ളുമെന്നും മധുവജ്ജനപ്രസ്ഥാനക്കാർ അടങ്ങിയിരുന്നുകൊള്ളുമെന്നും പൌരന്മാരെല്ലാം കൂടുതൽ കുടി

LIBRARY ARCHIVES Kerala Legislative Assembly

നടത്തികൊള്ളുമെന്നുമുള്ള വിചാരത്തിലായിരിക്കാം ഇങ്ങനെ ഈ ഇനത്തിൽ കൂടുതൽ വരവു പ്രതീക്ഷിച്ചതു എന്നു ഞാൻ വിചാരിക്കുന്നു. എക്സൈസ് ഡിപ്പാർട്ടുമെന്റിലെ അബ്കാരി ഇനത്തിലുള്ള വരവു വേണ്ടെന്നുവയ്ക്കണമെന്നും പൌരബോധമുള്ളവരെയില്ലാതെയാക്കുന്നതുംബോധമില്ലാത്ത പൌരന്മാരെ ഉണ്ടാക്കിവയ്ക്കുന്നതും നാട്ടിനെ ദാരിദ്ര്യക്കുണ്ടിൽ താഴ്ത്തുന്നതുമായ ആ വകുപ്പിനെ നിരുത്തൽചെയ്യ ഈ രാജ്യത്തെയും രാജ്യവാസികളേയും രക്ഷിക്കണമെന്നും ജനങ്ങൾ ദീർഘകാലമായി മുറവിളിക്കൂട്ടിക്കൊണ്ടാണ് ഇരിക്കുന്നതു്. ഗവണ്മെൻറു ജനങ്ങളുടെ അപേക്ഷയനുസരിച്ചു പ്രവൃത്തിക്കുന്നില്ല എന്നു വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. ഈ വകുപ്പു നിർത്തൽചെയ്യാൽ ഗവണ്മെന്റിന്റെ വരവുകൊണ്ടു ചിലവുനടക്കാതെ വരുമെന്നും ഗവണ്മെൻറു വിഷമത്തിലകപ്പെടുമെന്നും ഗവണ്മെൻറും ഗവണ്മെൻറിന്റെ ആപ്തമിത്രങ്ങളായ ചില അനുദ്യോഗസ്ഥന്മാരും പ്രസ്താവിച്ചിട്ടുള്ളതായി ഞാൻ കേട്ടിട്ടുണ്ടു്.

MR. R. S. SUBRAHMANYA PILLAI (*Kalkulam cum Vilavankod*): ഗവണ്മെൻറിന്റെ ആപ്തമിത്രങ്ങളിൽ ഒരാളിനെ പറയുമോ?

MR. JOSEPH KUNJU (*Changanacherry cum Peermade*): ചില പത്രക്കാർ പ്രസ്താവിച്ചതായി കാണുന്നുണ്ടു്. അവർ ഉദ്യോസ്ഥന്മാരല്ലല്ലോ.

MR. K. I. KOCHEEPPAN MAPPILA (*Nominated*): ആ പത്രം ഏതാണെന്നു പറയുമോ?

MR. JOSEPH KUNJU (*Changanacherry cum Peermade*): ചില പത്രക്കാർ അങ്ങിനെ പറയുന്നു. ഏതെല്ലാമാണെന്നു എനിക്കു ഓർമ്മയില്ല.

ഗവണ്മെൻറു ശരിയായി പ്രവൃത്തിക്കുമെങ്കിൽ—ശരിയായി വ്യയനിയന്ത്രണം ചെയ്യുമെങ്കിൽ-മദ്യത്തിലുള്ള വരവുകൂടാതെതന്നെ കാര്യങ്ങൾ നിർവ്വഹിക്കാം. എന്നുതന്നെയുമല്ല പൊതുജനങ്ങൾക്കു ഉപദ്രവകരമല്ലാത്തവിധത്തിൽ വരവു് വർദ്ധിപ്പിക്കുന്നതിനു നമ്മുടെ ഗവണ്മെൻറിനു ധാരാളം മാർഗ്ഗങ്ങൾ ഉണ്ടുതാനും.

ഒരു രാജ്യത്തിന്റെ സാമ്പത്തിക നിലയോ പ്രജകളുടെ ക്ഷാമക്ഷേമാദികളോ അറിയുന്നതിനു് ആ രാജ്യത്തെ കയറുമതി ഇറക്കുമതി കണക്കുകൾ പരിശോധിച്ചാൽ മതിയാകുന്നതാണു്. ഗവണ്മെൻറിന്റെ പരിശ്രമം മൂലമല്ലെങ്കിലും ഈ രാജ്യത്തു കയറുമതിയാണു് ഇറക്കുമതിയേക്കാൾ കൂടിനിൽക്കുന്നതെന്നു കാണുന്നതു് ആശ്വാസകരംതന്നെ.

LIBRARY ARCHIVES Kerala Legislative Assembly

[Mr. Joseph kunju.]

കൃഷി, വ്യവസായം ഈ ഡിപ്പാർട്ടുമെൻറുകൊണ്ടു യാതൊരു പ്രയോജനവുമില്ലെന്നു ചിലർ പറയുകയുണ്ടായി. ഈ കാര്യത്തിൽ വ്യവസായഡയറക്ടരേയും കൃഷിഡയറക്ടരേയും കുറ്റം പറയാനില്ല. ആയുധമില്ലാതെ പണിക്കാരൻ എന്തു ചെയ്യും? ഈ ഡിപ്പാർട്ടുമെൻറിലുള്ള ഉദ്യോഗസ്ഥന്മാർക്കു വേണ്ടമൂലധനം കൊടുക്കാതെ ശമ്പളം മാത്രം കൊടുത്തു സംരക്ഷിച്ചുവരികയാണു്. അവർക്കു മൂലധനം കൊടുത്താൽ അവർ ശരിയായി പ്രവർത്തിക്കുമോ എന്നു ഖണ്ഡിതമായി പറയാൻ എനിക്കു കഴിയുന്നതല്ല.

തിരുവിതാംകൂർ ഒരു കർഷകരാജ്യമായിരുന്നിട്ടും, ഇവിടത്തെ പ്രധാനകൃഷി നെല്ലായിരുന്നിട്ടും നമ്മുടെ ആഹാരസാധനങ്ങൾക്കു നാം അന്യരാജ്യക്കാരെ ആശ്രയിക്കേണ്ടിയിരിക്കുന്നു. ഇതു ഏറ്റവും ശോചനീയമായ ഒരവസ്ഥയാണു്. റിസർവ്വ് വനങ്ങളിൽ നിന്നു നെൽകൃഷിക്കുപയുക്തമായ സ്ഥലങ്ങൾ ഈ രാജ്യവാസികൾക്കു പതിച്ചു കൊടുക്കയും ഇവിടത്തെ കൃഷിക്കാർക്കു വേണ്ടവിധത്തിലുള്ള പ്രോത്സാഹനങ്ങൾ ഗവണ്മെൻറു നൽകുകയും ചെയ്തിരുന്നുവെങ്കിൽ നിശ്ചയമായും നമ്മുടെ ഇന്നത്തെ പരിതാപകരമായ പരാധീനത പരിഹരിക്കുന്നതിനു ഗവണ്മെൻറിനു സാധിക്കുമായിരുന്നു. എന്നാൽ ഈ വക കാര്യങ്ങളിൽ നമ്മുടെ ഗവണ്മെൻറിന്റെ ശ്രദ്ധപോയിട്ടില്ല. മറ്റു പരിഷ്കൃത രാജ്യങ്ങളെപ്പോലെതന്നെ നമ്മുടെ രാജ്യത്തും ഈ വക കാര്യങ്ങൾക്കായി രണ്ടു ഡിപ്പാർട്ടുമെൻറുകൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും അവയ്ക്കു വേണ്ട മൂലധനം നൽകുന്നതിലോ ആ ഡിപ്പാർട്ടുമെൻറുകളെക്കൊണ്ടു പ്രയോജനകരമായ ജോലിക ചെയ്യിക്കുന്നതിലോ നമ്മുടെ ഗവണ്മെൻറു ശ്രദ്ധിക്കുന്നില്ല; എന്നുമാത്രമല്ല, പൊതുജനോപകാരപ്രദങ്ങളും രാജ്യാഭിവൃദ്ധിക്കുപയുക്തങ്ങളുമായ പ്രവൃത്തികൾ ചെയ്യുന്നതിനു ഈ ഡിപ്പാർട്ടുമെൻറുകളും ശ്രദ്ധിക്കുന്നില്ല.

കവുന്ത 8-ലെ വാണിജ്യഉടമ്പടി പുതുക്കിയിരുന്നാൽ നിശ്ചയമായും ഗവണ്മെൻറിനു ശരിയായ ഒരാദായം ഉണ്ടാകുമായിരുന്നു. ഇതിനെപ്പറ്റി പരിശ്രമിച്ചു ഈ നിയമസഭയുടെ ഒന്നാമത്തെ യോഗത്തിൽതന്നെ മെമ്പർമാർ പ്രതിപാദിച്ചിട്ടുള്ളതാണെങ്കിലും ആ കാര്യത്തിൽ ഈ കഴിഞ്ഞ ഒൻപതു വർഷമായി ഗവണ്മെൻറു യാതൊരു നടപടിയും നടത്തിയിട്ടില്ല എന്നാണു് കാണുന്നതു്.

തിരുവിതാംകൂറിലെ നാല്പതു താലൂക്കുകളിൽ കഷ്ടി എണ്ണൂറും ചതുരശ്ര മൈലിൽ കുറഞ്ഞ വിസ്തീർണ്ണമുള്ളവയാണു്. ബാക്കി

LIBRARY ARCHIVES Kerala Legislative Assembly

യുള്ള ഫ ഒ താലൂക്കുകളിൽ ചങ്ങനാശേരി ഫ ാ ഫ.–ം, കോട്ടയം ഫ ഫ ർ–ം ചതുരശ്ര മൈൽ വിസ്തീർണ്ണമുള്ളതാണ്. അങ്ങിനെയുള്ള കോട്ടയംതാലൂക്കിനോടൊപ്പംവിസ്തീർണ്ണമുള്ള പ്രദേശം ഒരു വിദേശകമ്പനിക്കുസെയ്ഞ്ച് നിരക്കിന്മേൽ ലഘുവായ കരംചുമത്തി ഗവണ്മെൻറു കൊടുത്തിട്ടുണ്ട്. അവിടെ റീസെറ്റിൽമെൻറു നടത്തിയാൽ ഗവണ്മെൻറിനു ഒരു വലിയ തുക ആദായം കിട്ടും; അതിൽനിന്നു നാട്ടുകാക്കു യാതൊരുപദ്രവവും ഉണ്ടാകുന്നതുമല്ല.

ഫ ഫ ാ ം–ൽ തന്നാണ്ടത്തെക്കാൾ ഫ ം ലക്ഷത്തിൽപരം രൂപാ ചിലവിനത്തിൽ കുറവു ചെയ്തിട്ടുള്ളതായി ഫിനാൻഷ്യൽ സെക്രട്ടറി പ്രസ്താവിക്കയുണ്ടായി. ഇങ്ങനെയുള്ള പതനത്തിൽ ചിലവു കുറയ്ക്കണമെന്നുള്ള അഭിപ്രായം എല്ലാവരും ആദരിക്കതന്നെചെയ്യും. എന്നാൽ കുറയ്ക്കേണ്ടതു് ജനങ്ങൾക്കാവശ്യമുള്ള പൊതുമരാമത്തുവകുപ്പിലേക്കനുവദിച്ചിട്ടുള്ള ചിലവല്ല, നേരെ മറിച്ചു ഉദ്യോഗസ്ഥന്മാരുടെ ശമ്പളമാണ്. ഫിനാൻഷ്യൽസെക്രട്ടറിയുടെ വ്യയനിയന്ത്രണക്കത്തി അസ്ഥാനത്തിലാണ് ചെന്നു കയറിയതു എന്നു പറയാതിരിക്കുവാൻ നിവർത്തിയില്ല.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): ഈ സംഗതി ഫിനാൻസുകമ്മിറ്റിയിൽ പറഞ്ഞിട്ടുണ്ടോ?

MR. JOSEPH KUNJU (*Changanachery* cum *Peermade*): അതെല്ലാം ഞങ്ങൾ പറഞ്ഞിട്ടുണ്ട്. ഞങ്ങൾ എഴുതിട്ടുള്ള അയിറ്റംസ് എല്ലാം ബഡ്ജറിൽ ഉണ്ടുതാനും.

പൊതുമരാമത്തു വേലകൾക്കു എല്ലാഗവണ്മെൻറുകളും കൂടുതൽ പണം അനുവദിച്ചുകൊണ്ടിരിക്കയാണ്.

MR. R. NILAKANTA PILLAI (*Financial Secretary to Government*): രണ്ടുദിവസത്തിനുമുമ്പുള്ള പത്രത്തിൽ മദ്രാസ്ഗവണ്മെൻറു P. W. D. ഇനത്തിൽ ഫ ം ലക്ഷം രൂപാ കൂടുതൽ കുറച്ചിരിക്കുന്നതായി പ്രസ്താവിച്ചിട്ടുള്ളതു മെമ്പർക്കറിയാമോ?

MR. JOSEPH KUNJU (*Changanachery* cum *Peermade*): ഞാൻ അതു കണ്ടില്ല.

MR. R. NILAKANTA PILLAI (*Financial Secretary to Government*): ഞാൻ അപ്രകാരം പറഞ്ഞാൽ മെമ്പർക്കു വിശ്വസിക്കാമോ?

MR. JOSEPH KUNJU (*Changanachery* cum *Peermade*): തല്ക്കാലത്തേയ്ക്കു വിശ്വസിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): പത്രപ്രസ്താവനയെ അടിസ്ഥാനപ്പെടുത്തി ഇവിടെ ഒന്നും പറയാൻ പാടില്ല എന്ന രൂളിങ്ങ് ഉള്ളതായിട്ടറിയാമോ?

MR. JOSEPH KUNJU (*Changanachery* cum *Peermade*): ഗവണ്മെന്റുഭാഗത്തുനിന്നും പറയുന്നതുകൊണ്ടു ഞാൻ അതു വിശ്വസിക്കുന്നു.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): എഫ്. എം. എസ്സിൽ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം കുറച്ചിട്ടുള്ളതായി അറിയാമോ?

MR. JOSEPH KUNJU (*Changanachery* cum *Peermade*): അതു എനിക്കുനല്ലപോലെ അറിയാം.

P. W. D. യിൽ വലക്ഷം രൂപാ കുറച്ചതിനുപകരം വലക്ഷം രൂപായെങ്കിലും കൂടുതൽ അനുവദിക്കേണ്ടതായിരുന്നു. ഈ രാജ്യത്തുള്ള ഉദ്യോഗസ്ഥന്മാരുടെ ശമ്പളം വളരെ കൂടുതലാണെന്നും അതു കുറവുചെയ്തുവ്യയനിയന്ത്രണം ചെയ്യേണ്ടതാണെന്നും അനുദ്യോഗസ്ഥ സാമാജികന്മാർ ഈ സഭയിൽ ഇതിനുമുമ്പുതന്നെ ഗവണ്മെന്റിനെ ഉൽബോധിപ്പിക്കയുണ്ടായിട്ടുണ്ട്. അതു ഗവണ്മെന്റിന്റെ ശ്രദ്ധയ്ക്കു വിഷയീഭവിച്ചിട്ടില്ല. ഇവിടത്തെ ഉയർന്ന ഗ്രേഡിലുള്ള ഉദ്യോഗസ്ഥന്മാരുടെ എണ്ണവും ശമ്പളവും വളരെ കൂടുതലാണ് എന്നുള്ളതിനു യാതൊരു സംശയവുമില്ല. ചില ഉദ്യോഗത്തിനു ഗവണ്മെന്റു നിശ്ചയിച്ചിരിക്കുന്ന തുകയിൽ നിന്നും വളരെ കൂടുതലായ വമ്പിച്ച ഒരുതുകയാണു ശമ്പളം കൊടുക്കുന്നതു്. ലാൻഡ്റവന്യൂ കമ്മീഷണക്കു ൬൦൦ മുതൽ ൯൦൦ രൂപാവരെയാണ് ശമ്പളം നിശ്ചയിച്ചിട്ടുള്ളതെങ്കിലും മി. റാബിൻസന്റെ ശമ്പളം ൧,൨൦൦ രൂപായാണ്. ദേവികുളം കമ്മീഷണക്കു നിശ്ചയിച്ചിട്ടുള്ള ശമ്പളം ൪൦൦ മുതൽ ൬൦൦ രൂപാവരെയാണെങ്കിലും അദ്ദേഹത്തിനു കൊടുത്തുവരുന്നതു് ൬൦൦ രൂപായും, ഓവർസീസ് അലവൻസു ൧൪൦ രൂപായുമാണു. ചീഫ് ജസ്റ്റിസിനു നിശ്ചയിച്ചിട്ടുള്ള ശമ്പളം ൧,൨൦൦ രൂപായാണെങ്കിലും ഇപ്പോഴത്തെ ചീഫ്ജസ്റ്റിസിനു കൊടുത്തുവരുന്നതു് ൧,൩൨൦ രൂപായാണ്. അതുപോലെതന്നെ പോലീസുകമ്മീഷണക്കു ൧,൨൦൦ രൂപായാണു ശമ്പളം നിശ്ചയിച്ചിട്ടുള്ളതെങ്കിലും ഇപ്പോഴത്തെകമ്മീഷണക്കു ൧,൩൪൦ ബ്രിട്ടീഷ് രൂപാ കൊടുക്കുന്നു. ഇതിനുംപുറമെ ഓവർസീസ് അലവൻസും കൊടുത്തുവരുന്നു. വിദ്യാഭ്യാസഡയറക്ടക്കു ൧,൨൦൦ രൂപായാണു ശമ്പളമെങ്കിലും ഇപ്പോൾകൊടുക്കുന്നതു് ൧,൩൨൦ രൂപായും, ഓവർസീസ് അലവൻസു ൧൪൦ പവനുമാണ്. ചീഫ്എൻജിനീയരുടെ

LIBRARY ARCHIVES Kerala Legislative Assembly

കാര്യവും ഇതുപോലെ തന്നെയാണ്. കൃഷിഡയറക്ടക്ക് ൨൫൦ മുതൽ ൫൦൦ രൂപാവരെയാണ് ശമ്പളമെങ്കിലും, ഇപ്പോഴത്തെ ഡയറക്ടക്ക് ൬൦൦ രൂപാനൽകുന്നു. ഈ ഡിപ്പുട്ടേഷനെപ്പറ്റിയാണ് ഇവിടെ യാതൊന്നും നടത്തുന്നില്ലെന്നു പരാതിപറഞ്ഞത്. ഡർബാർ ഫീസിഷ്യനു ൧,൨൦൦ രൂപയാണു ശമ്പളമെങ്കിലും, ഇപ്പോഴത്തെ മെഡിക്കൽ ബോർഡിലെ നു പേരുടെ ശമ്പളവുംകൂടിക്കൂട്ടിനോക്കുമ്പോൾ ൨,൫൦൦ രൂപായാകുന്നുണ്ട്. കോവാപ്പറേറ്റീവു രജിസ്ട്രാക്ക് ൨൫൦ മുതൽ ൫൫൦ രൂപാവരെയാണ് ശമ്പളമെങ്കിലും, ഇപ്പോഴത്തെ രജിസ്ട്രാക്ക് ൫൫൦ രൂപാശമ്പളവും ഒരു ൧൦൦ രൂപാക്രമ അലവൻസും കൊടുക്കുന്നു.

MR. K. P. KOCHUKORA TARAKAN (*Kunnatnad*): ഇതിൽ ഏതാണ്ടം പേർ വിദേശികളാണല്ലൊ. അവക്ക് അവിടത്തെ ശമ്പളം എന്താണെന്നറിയാമോ?

MR. JOSEPH KUNJU (*Changanachery* cum *Peermade*): അറിഞ്ഞുകൂടാ.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): ഇവിടെ ആ തരം പേ കൊടുത്തു നിയമിക്കേണ്ട ഉദ്യോഗസ്ഥന്മാർ വേണ്ടാ എന്നു വയ്ക്കുന്നതിൽ വിരോധമുണ്ടോ?

MR. JOSEPH KUNJU (*Changanachery* cum *Peermade*): വേണ്ടെന്നാണ് എന്റെ അഭിപ്രായം. ഇങ്ങനെ ഓരോഉദ്യോഗത്തിനും ഗവണ്മെൻറു സ്പെഷ്യൽ പേയാണ് കൊടുത്തുകൊണ്ടിരിക്കുന്നത്. ഈ കൂടുതൽ കൊടുക്കുന്നശമ്പളംപോലും ഈ ക്ഷാമകാലത്തു കുറവുചെയ്യുന്നതിനു ഗവണ്മെൻറിനു നന്മനസ്സില്ലാതെ പോയതിൽ അതിശയപ്പെടുകതന്നെ വേണം. നികുതിദായകന്മാർ ക്ഷാമംനിമിത്തം പട്ടിണികിടന്നു അലഞ്ഞുതിരിയുന്ന ഇക്കാലത്തു അവരുടെ ധനം പററിക്കൊണ്ടിരിക്കുന്ന ഈ ഉദ്യോഗസ്ഥന്മാർ നിശ്ചയമായും ഗവണ്മെൻറാവശ്യപ്പെട്ടില്ലെങ്കിലും "ഞങ്ങൾക്കിത്ര ശമ്പളം മതി; ബാക്കിസംഖ്യ ഞങ്ങളുടെ ശമ്പളത്തിൽ കുറച്ചിരിക്കുന്നു" എന്നുപറയേണ്ടതായിരുന്നു. അതിനുതക്ക നന്മനസ്സും വിശാലഹൃദയവും ഉള്ള ഒരുദ്യോഗസ്ഥനെങ്കിലും നമ്മുടെരാജ്യത്തു ഉണ്ടാകുമെന്നു ഞാൻ വിശ്വസിക്കയും ഉണ്ടാകണമെന്നു പ്രാർത്ഥിക്കയും ചെയ്യുന്നു പരിഷ്കാരത്തിന്റെ അത്യുച്ചത്തിൽ എത്തിയിരിക്കുന്ന ജപ്പാൻ രാജ്യത്തെ പ്രധാനമന്ത്രിയുടെ ശമ്പളം ൫,൫൦൦ രൂപായാണ്. നാം ഇവിടെ ൫,൦൦൦ രൂപാവീതം ചീഫ് എൻജനീയർക്കും, വിദ്യാഭ്യാസഡയറക്ടക്കും കൊടുക്കുന്നു ഈ രാജ്യത്തെ സ്ഥിതിഗതികൾ അറിഞ്ഞുകൂടാത്തവരും ഈ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Joseph Kunju.]

നാട്ടുകാരല്ലാത്തതിനാൽ ഈ നാട്ടിന്റെ വിലനില്പിനേയും അഭിവൃദ്ധിയേയും ലാക്കാക്കി പ്രവർത്തിച്ചിട്ട് ആവശ്യമില്ലാത്തവരുമായ വിദേശികളുടെ ഭരണമാണ് ഇവിടത്തെ ഉയർന്ന ഗ്രേഡുകളിലുള്ള ഉദ്യോഗസ്ഥന്മാരുടെ എണ്ണവും ശമ്പളവും ഇത്രമേൽ വർദ്ധിക്കാനുണ്ടായ കാരണം. (Mr. E. V. Krishna Pillai: *Hear, hear*) ഇവിടെ അനവധി ആളുകൾ തൊഴിലില്ലാതെനടക്കുന്ന ഇക്കാലത്തു ഇനിയെങ്കിലും വിദേശങ്ങളിൽനിന്നുദ്യോഗത്തിനായി ആളുകളെവരുത്താതിരിക്കാൻ ഗവണ്മെൻറിനു നന്മനസ്സുണ്ടാകണമെന്നാണ് എന്റെ പ്രാർത്ഥന.

ഇതിനുംപുറമെ യാതൊരു ലോഭവുംകൂടാതെ ഗവണ്മെൻറു മുതൽ അഴിച്ചുവിട്ടു ചിലവുചെയ്യുന്ന നയം ഒരിക്കലും നല്ലതല്ല.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): ഒരു ഉത്തരവാദിതഭരണം സ്ഥാപിച്ചാൽ ഈമാതിരിയുള്ള ദോഷങ്ങൾക്കു പ്രതിവിധി ഉണ്ടാകുമെന്നു മെമ്പർ വിചാരിക്കുന്നുണ്ടോ?

MR. JOSEPH KUNJU (*Changanachery cum Peermade*): നിശ്ചയമായിട്ടും ഞാൻ അങ്ങിനെ വിചാരിക്കുന്നു.

ജനങ്ങൾ ക്ഷാമംകൊണ്ടു വലയുമ്പോൾ കൃഷിവായ്പയ്ക്കുവേണ്ടി ചിരിക്കുന്ന പണം 8 ലക്ഷം രൂപയാണെന്നു കേൾക്കുമ്പോൾ ആരാണ് അത്ഭുതപ്പെടാത്തതു്. ഗവണ്മെൻറു മറ്റു ബാങ്കുകൾക്കു കൊടുത്തിരിക്കുന്ന പണംതിരികെയെടുത്തോ, അല്ലെങ്കിൽ കടംവാങ്ങിച്ചോ ഒരു 2 ൫ ലക്ഷം രൂപയെങ്കിലും ഇതിനുവേണ്ടിയിരുന്നു. അതിലേക്കുള്ള നന്മനസ്സു ഗവണ്മെൻറിനുണ്ടാകാത്തതു ഞങ്ങളുടെ കഷ്ടകാലമെന്നേ പറയുവാനുള്ളൂ. പണ്ടുള്ള ചിട്ടകൾ അനുസരിച്ചുള്ള ഒരു ചെലവെഴുതിയുണ്ടാക്കി അതിനേക്കാൾ അല്പംകൂടുതലായ ഒരു വരവുംകാണിച്ചു ഒരു നീക്കിയിരിപ്പും വച്ചുകൊണ്ടു വന്നിട്ടുള്ള ഒരു ബഡ്ജറാണ് ഫിനാൻഷ്യൽസെക്രട്ടറി ഇവിടെ അവതരിപ്പിച്ചിട്ടുള്ളതെന്നു പ്രസ്താവിച്ചുകൊണ്ടു വിരമിച്ചുകൊള്ളുന്നു.

MR. M. GOVINDAN (*Nominated*): I am rising at the fag-end of the day. I do not know whether I can speak for the full time allotted to the members.

PRESIDENT: I would like you to finish as soon as you can.

MR. M. GOVINDAN (*Nominated*): Sir, the Financial Secretary has presented, according to my view of things, a fairly acceptable Budget (*Laughter*) although not particularly progressive. He has made provision for the ordinary services and he has made the usual provision for the pay of the officers. But we fail to note any distinctly progressive measure in the Budget that is presented to us. I know that in fairness

LIBRARY ARCHIVES Kerala Legislative Assembly

to him it must be said that the Health scheme which is being worked as a Unit in Neyyattinkara is a very important scheme which concerns the health of the public in Travancore and which is calculated to do a good deal of good to Travancore in future. But I regret, it is being tried only in one place. Travancore is fairly a big country and I would have been better pleased if the Financial Secretary had made provision for another Unit in North Travancore also. I am told that in Ceylon where the work has been recently started, there are as many as eight centres. I really appreciate the fact that provision has been made for the cause of public health and hope that liberal provision will be made hereafter for progressively working the experiment.

There is one thing I observed in the course of the discussion here and that is that all are agreed that this terrible and widespread economic crisis is the trouble that we have now to face. I am not much of an expert economist. But I know this much, that in Travancore it is quite possible to exaggerate the conditions and to make it appear that the condition is absolutely like a famine. The fact is, although our land is not really flowing with milk and honey, there is plenty of food and nobody looks starved anywhere. The other day, I was coming by the side of a poor man's hut and he asked me whether we are going to make—ഇരിയരിചക്രം.

We get one *nazhi* of rice for a chackram now.

MR. M. MAHOMED MUSTAPHA (*Commerce and Industry, South*): May I know from the member how many lakhs worth of paddy is imported into this country?

MR. M. GOVINDAN (*Nominated*): I do not understand the relevancy of that question. I do not know the figures.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): What is the peculiarity in Travancore which enables a lot of exaggeration to prevail here?

MR. M. GOVINDAN (*Nominated*): It is the mentality of the Indian. There is a little exaggeration in the temperment of the Indians. That must be conceded. I am one of them.

MR. K. GOPALAKRISHNA PILLAI (*Parur*): Has the member gone through any other part of Travancore outside the capital and has he ascertained the condition of the people there?

MR. M. GOVINDAN (*Nominated*): I am sure, everybody will agree with me in this fact, that you can purchase for one chakram more rice than you used to get formerly. I am here representing the poorer classes, the labouring classes as they are called. The difficulty of the rich man is about the payment of tax and about the payment for chitty. But the poor man has to get rice for consumption. I do not hold a brief for anybody, but I must confess that in Travancore 80 per cent. of the population consists of poor people.

MR. K. KUNJUKRISHNA PILLAI (*Quilon*): Does the member admit that the labouring classes find it difficult to get labour?

LIBRARY ARCHIVES Kerala Legislative Assembly

MR. M. GOVINDAN (*Nominated*): It is very difficult. Even if they work where is the money to come from? To that extent there is inter-dependence between the landlords and poorer classes but it must not be forgotten that a poor man is able to get rice now at lower rates.

MR. P. S. MAHOMED (*Nominated*): സാധുക്കൾ അവരുടെ കൂട്ടിക ളെ പഠിപ്പിക്കേണ്ടേ?

MR. M. GOVINDAN (*Nominated*): I am not going to differ from everybody for the sake of originality. All that I was saying was there was another side of the picture. 80 per cent of the people in Travancore are benefited by the present low prices of food stuffs provided they get labour. Labour of course is essential. The chief employer of labour in Travancore is Government and that being the fact I agree with the previous speakers that Government should not have at this time of the day reduced their expenditure on the P. W. D. I know that the Financial Secretary is ready with the answer that large sums are spent on capital works. I admit that considerable sums of money are being expended in Trivandrum. But we cannot expect labourers to come all the way from North Parur to Trivandrum for getting labour. There is another reason why additional provision should have been made in the P. W. D. Budget. It has been usual for us always to provide additional work as was pointed out by many members in times of famine. That was done to provide employment to the people. Although there is no famine now there is acute unemployment and at this time provision should have been made for giving work to the poorer classes in North Travancore also. It could easily have been done. We have the Shertallai road where both sides are sandy waste. If only small roads were constructed branching off from this road—

MR. K. P. MADHAVAN PILLAI (*Chirayinkil*): Is it the opinion the member that there is no economic depression in South Travancore?

MR. M. GOVINDAN (*Nominated*): There is, in the sense that th is scarcity of money.

MR. K. P. MADHAVAN PILLAI (*Chirayinkil*): And labour also

MR. M. GOVINDAN (*Nominated*): South Travancoreans can fin employment in Trivandrum.

MR. K. P. MADHAVAN PILLAI (*Chirayinkil*): Similarly North Tra vancoreans also can come over to Trivandrum.

MR. M. GOVINDAN (*Nominated*): North Travancore is far away fro Trivandrum. Further, it is a broader place and is more populou The necessity for Public Works in North Travancore had been recog nised by this House. It should be shifted from South Travancore be cause North Travancore has not received its due share of attention.

I must say that this suggestion could be accepted. I believe it not too late even now to accept it and to make the necessary addition provision in the Budget. It so happens—I think it is an irony of fate

LIBRARY ARCHIVES Kerala Legislative Assembly

that the poor people of these places have to water their trees also to make them grow and yet they are paid only one-fourth of the value of improvements whereas people here get three-fourths.

MR. E. V. KRISHNA PILLAI (*Kottarakara cum Kunnattur*) : Does the member's geography include Central Travancore also ?

MR. M. GOVINDAN (*Nominated*) : I would readily grant that Central Travancore also should have been included by me. But as you go further north there is greater need for these works. Of course, Karunagapalli and Kartikapalli require special attention.

MR. A. THANU PILLAI (*Trivandrum*) : May I know from the member whether prohibition work should be encouraged or discouraged in Shertallai ?

MR. M. GOVINDAN (*Nominated*) : I am just coming to that. I think the Financial Secretary does not anticipate much fall in the Abkari income. Sir, prohibition has to come to stay in Travancore (Mr. K. Kunjukrishna Pillai : *Hear, hear.*) You cannot expect this comdemned source of income to grow or even to remain stationary. There are forces at work both inside and outside Travancore that have to be reckoned with. It is not possible for us to expect any progressive income from this source. It is tainted money and the sooner we find substituted means for balancing the Budget the better will it be for the financial stability of the State.

I now pass on to education. This is the main item of expenditure in the Budget. More than 50 lakhs of rupees are allotted for the purpose. I am not usually satisfied with any amount for education. My own view is that the cultivation of the human mind is even more important than the cultivation of the land.

MR. K. KUNJUKRISHNA PILLAI (*Quilon*) : Does the member recognise that the mind cannot exist without the body ?

MR. M. GOVINDAN (*Nominated*) : That is a logical conclusion, but in practice if we are intelligent we can find resources. I advocated, Sir, a mild measure of compulsion the other day in the S. M. P. Assembly and I thought the Government were sympathetic although there was no commitment by way of any promise. Sir, 17 years ago my friend Mr. P. K. Kesava Pillai introduced a moderate measure of compulsion into this House. It was so ably supported by M. K. G. Sesha Aiyar a gentleman who, you will all agree, knows Travancore conditions very well. But it was thrown out because no provision was made in the Bill in respect of finance. In those days the majority were officials and perhaps different conditions obtained then. Anyhow it was rejected and I believe it was summarily rejected. I hope a measure of compulsion may be introduced now. Our boys are now getting free education from the first class to the fourth class and if they leave the school at the end or even before they fall into illiteracy. All the money that we spend on behalf of such children as do not continue their education up to the IV Class is being wasted by us. In these times of depression is it wise to waste 26 lakhs of rupees which is the amount spent on

LIBRARY ARCHIVES Kerala Legislative Assembly

[Mr. M. Govindan.]

